ഏപ്രിൽ – 2011

# സുവിശേഷനാദം

Vol. 31

Suvisesha Nadam

No. 4



VOL. 31 ISSUE : 4 APRIL 2011

# SUVISESHANADAM

PUBLISHED BY GOSPEL VOICE PUBLISHERS

## ഉള്ളടക്കം


3 സ്റ്റേറ്റ് ഓവർസിയറുടെ കത്ത്........................ പാസ്റ്റർ എം. കുഞ്ഞപ്പി

7 ഇത് പരിശുദ്ധാത്മ പകർച്ച .......................Rev. Douglas Le Roy

9 നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ ..................പാസ്റ്റർ കെ. എ. ഉമ്മൻ

11 അഭിഷേകം എന്തിന്?.........................പാസ്റ്റർ വിനോദ് ജയിക്കബ്

13 ഇതോ സഭായോഗം?...............................പാസ്റ്റർ എ. റ്റി. ജോസഫ്

14 നാം ലോകത്തെ ചലിപ്പിക്കേണ്ടവർ ........പാസ്റ്റർ ബിനു പി. ജോർജ്ജ്

16 മറ്റൊരു സൂര്യനും ഗ്രഹങ്ങളും ..................പാസ്റ്റർ ഈപ്പച്ചൻ തോമസ്

18 സഭയുടെ അഞ്ചു വാസസ്ഥലങ്ങൾ ..................ലിസ്സിയമ്മ മാത്യൂസ്

20 ശുശ്രൂഷാകാലം തികച്ച് പാസ്റ്റർ പി. വി. ഷാജി യാത്രയായി...............

21 കർത്തൃസന്നിധിയിൽ.......................................................

22 സഭാ വാർത്തകൾ...........................................................


### വിശ്വാസ പ്രമാണം

1.വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവനിശ്വാസിയതയിലും 2. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ നിത്യനായി സ്ഥിതിചെയ്യുന്ന ഏക ദൈവത്തിലും 3. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി കന്യക മറിയാമിൽനിന്നും ജനിച്ചു എന്നുള്ളതിലും, ക്രൂശിൽ തറയ്ക്കപ്പെട്ടു മരിക്കുകയും അടക്കപ്പെടുകയും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നതിലും, സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോൾ മദ്ധ്യസ്ഥനായി പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നുള്ളതിലും; 4. മനുഷ്യരെല്ലാവരും പാപം ചെയ്തു ദൈവതേജസ്സിലാത്തവരായി തീർന്നു എന്നും, എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു എന്നും, പാപമോചനത്തിന് അത് ആവശ്യമാകുന്നു എന്നുള്ളതിലും; 5. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരണവും വീണ്ടും ജനനവും ഉണ്ടാകുന്നു എന്നുള്ളതിലും; 6. ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസംമൂലവും ദൈവവചനംമൂലവും പരിശുദ്ധാത്മാവുമൂലം പുതുജനനാനന്തരമുണ്ടാകുന്ന വിശുദ്ധീകരണത്തിലും; 7. വിശുദ്ധി എന്നത് ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ജീവിത പ്രമാണമാകുന്നു എന്നുള്ളതിലും; 8. ഹൃദയ നിർമ്മലീകരണാനന്തരമുള്ള പരിശുദ്ധാത്മ സ്നാനത്തിലും; 9. പരിശുദ്ധാത്മാവ് ഉച്ചരിക്കുവാൻ നൽകുന്ന പ്രകാരമുള്ള മറുഭാഷാ ഭാഷണത്തിലും, അത് പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രാരംഭ ലക്ഷണമാണെന്നുള്ളതിലും; 10. ജലത്തിലുള്ള നിമജ്ജന സ്നാനത്തിലും മാനസാന്തരപ്പെടുന്ന എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നുള്ളതിലും; 11. യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ എല്ലാ മനുഷ്യർക്കും ദൈവിക രോഗശാന്തി നൽകപ്പെട്ടിട്ടുണ്ട് എന്നുള്ളതിലും; 12.കർത്തൃഭോജനത്തിലും വിശുദ്ധന്മാരുടെ പാദശുശ്രൂഷയിലും; 13. മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചും, ജീവനോടിരിക്കുന്നവരെ രൂപാന്തരപ്പെടുത്തിയും, മദ്ധ്യാകാശത്തിലേക്ക് എടുത്തുകൊൾവാനും അനന്തരമായി ആയിരമാണ്ടേക്കു വാഴുവാനുംവേണ്ടി സഹസ്രാബ്ദത്തിന് മുമ്പെ ഭൂമിയിലേക്ക് എഴുന്നെള്ളുവാനുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും; 14. ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും നീതിമാന്മാർക്കുള്ള നിത്യജീവനിലും ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷാവിധിയിലും ഞങ്ങൾ വിശ്വസിക്കുന്നു.


## FOREIGN REPRESENTATIVES

USA

| | |
|---|---|
| N.Y. | Abraham P. Abraham<br>Ph: 718-343-7462 |
| N.Y. | Koshy M. Varghese<br>Ph: 845-2678-373 |
| N.Y. | Prasad Mathew Ph: 585-467-4190 |
| T.N. | A.V. Daniel Ph: 423-899-3995 |
| N.J. | P. V. Mathew. Ph: 212-684-3450 |
| Chicago: | Pr. Mathai Samkutty<br>Ph: 847-329-7625 |
| Chicago: | Solomon Varghese<br>Ph: 847-816-0644 |
| Dallas: | A.V. Philipose. Ph: 972-289-7847 |
| Dallas: | Thomas George<br>Ph: 972-463-6469<br>Pr. Johnson Zacharia<br>Ph: 972-276-1158 |
| Houston: | Pr. Abraham Thomas<br>Ph: 281-998-9292 |
| Tulsa: | Pr. C. V. Zachariah<br>Ph: 918-357-1293 |
| OK | A. V. Abraham. Ph: 405-789-2773 |

GULF

| | |
|---|---|
| Kuwait: | C. Thomas Mathew<br>Ph: 00965-3923698<br>Mathew Daniel<br>Ph: 00965-4318417. M. 9584150<br>Samkutty Samuel<br>Ph: 00965-4805675. M. 9027606 |
| Dubai: | Varghese George<br>Ph: 009714-3370393 |
| Oman: | M. K. Thomas<br>Ph: 050-6730586, 655134 |
| Muscat : | M.P. Monikutty<br>Ph: 00968-99448408 |


### വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഇൻഡ്യയിൽ | 70 രൂപ |
| വിദേശത്തേക്ക് | |
| ഗൾഫ് മേഖല | 1000 രൂപ |
| U.S.A. യും മറ്റ് രാജ്യങ്ങളും | U.S.$ 25 |
| ആയുഷ്ക്കാല വരിസംഖ്യ | |
| ഇൻഡ്യയിൽ | 1000 രൂപ |
| വിദേശത്തേക്ക് | U.S.$ 250 |


***Chief Editor*** : **Evg. P. I. Abraham**
***Publisher :*** **Pr. K. A. Oommen**
***General Co-ordinator :*** **Rev. C.C.Thomas**
***Manager :*** **Bro. T. Yohannan**



ലേഖനങ്ങൾ, വാർത്തകൾ, പുതിയ വരിക്കാരുടെ അഡ്രസ്സ്, അഡ്രസ്സ് മാറ്റം, വരിസംഖ്യ, സംഭാവന എന്നിവ അയയ്ക്കേണ്ട വിലാസം :

**മാനേജർ, സുവിശേഷ നാദം,**
**മുളക്കുഴ പി. ഒ. – 689 505, കേരളാ സ്റ്റേറ്റ്**



**ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള ഉത്തരവാദിത്വം ലേഖന കർത്താക്കൾക്കു മാത്രമുള്ളതാണ്.**

# സ്ഥലം മാറ്റവും സഭാ ശുശ്രൂഷകന്മാരും



**പെന്തെക്കോസ്തു** സഭകളെ സംബന്ധിച്ചിടത്തോളം ഇത് ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റ സമയമാണ്. അയയ്ക്കപ്പെട്ട സ്ഥലത്തെ തങ്ങളുടെ ശുശ്രൂഷ ഭംഗിയായി പൂർത്തീകരിച്ചു എന്ന് ആത്മസംതൃപ്തിയോടെ അടുത്ത സ്ഥലത്തേക്ക് യാത്രയാകുന്നവരും അടുത്ത സ്ഥലത്ത് ഇപ്പോഴുള്ളതിനേക്കാൾ സാമ്പത്തീക മേന്മ ലഭിക്കും എന്ന് കരുതി യാത്രയാകുന്നവരും ഇപ്പോൾ ലഭിച്ചുകൊണ്ടിരുന്ന നന്മ നഷ്ടപ്പെടുന്നതിൽ ദുഃഖമുള്ളവരും സഹോദരങ്ങളെപ്പോലെ സഹകരിച്ചവരെ വേർപെടുന്നതിലുള്ള ദുഃഖം അനുഭവിക്കുന്നവർ അങ്ങനെ വിവിധമായ വിചാരങ്ങളോടുകൂടിയാണ് കർത്തൃശുശ്രൂഷകന്മാർ യാത്രയാകുന്നത്. സ്ഥലം മാറ്റത്തോടുള്ള ബന്ധത്തിൽ ചില ചിന്തകൾ ഈ മാസം പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു.

**സ്ഥലം മാറ്റം ആവശ്യമോ? :-** സാക്ഷാൽ സുവിശേഷമായിരുന്ന യേശുക്രിസ്തു ജനിച്ച ബേത്ലഹേമിൽ തന്നെ പാർക്കാതെ എല്ലായിടത്തും സഞ്ചരിച്ച് സുവിശേഷം അറിയിച്ചു. അപ്പോസ്തോലന്മാരും അതു തന്നെ നിർവ്വഹിച്ചതായി വചനം പഠിപ്പിക്കുന്നു. ഒരു ശുശ്രൂഷകനെ ഒരു സ്ഥലത്തു മാത്രമല്ല ദൈവം ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നത്. അതിനാൽ സ്ഥലം മാറ്റം അത്യാവശ്യം.

**ശുശ്രൂഷാകാലാവധി എത്ര ആയിരിക്കണം? :-** ഓരോ വർഷവും സ്ഥലം മാറുന്നവർ 3 വർഷം, 5 വർഷം അതിലും കൂടുതൽ വർഷം ശുശ്രൂഷിക്കുന്നവർക്ക് നല്ല ഒരു യാത്ര അയപ്പ് കിട്ടാൻ ബുദ്ധിമുട്ടുണ്ട്. അല്ലെങ്കിൽ ശുശ്രൂഷകന്റെ സഭയിലെ ശുശ്രൂഷാ കാലാവധി തീരുമാനിക്കേണ്ടത് സഭാ നേതൃത്വമോ, സഭാ കമ്മിറ്റിയോ അല്ല. പ്രത്യുത, സഭാ ശുശ്രൂഷകൻ തന്നെ ആയിരിക്കുന്നത് നല്ലതല്ലേ. ആക്കപ്പെട്ടിരിക്കുന്ന ദേശത്തെ ശുശ്രൂഷ തികഞ്ഞുവോ എന്നറിയുവാനുള്ള ആത്മീക കാഴ്ചപ്പാട് ഓരോ ശുശ്രൂഷകനും ഉണ്ടായിരിക്കണം. സഭയിലെ സാമ്പത്തിക വരുമാനവും കുഞ്ഞുങ്ങളുടെ പഠനം മറ്റു സൗകര്യങ്ങൾ ഒക്കെ നോക്കി ശുശ്രൂഷ തീർന്നാലും അവിടെ തന്നെ ഇരിക്കുവാൻ ശ്രമിക്കുന്നതുകൊണ്ടാണ് സഭാ കമ്മിറ്റികൾ 3 വർഷം 5 വർഷം എന്നിങ്ങനെ ഒക്കെ തീരുമാനിക്കേണ്ടിവരുന്നത്. ഇതിൽ വിശ്വാസികളെ കുറ്റം പറഞ്ഞിട്ട് അർത്ഥമില്ല. നല്ല വരുമാനം മറ്റ് സൗകര്യങ്ങളൊക്കെ ഉള്ളതും അപ്പോൾ തന്നെ തുടരുന്നതിൽ സഭയ്ക്ക് സന്തോഷം ഉണ്ടായിരിക്കെ ചില ശുശ്രൂഷകന്മാർ ട്രാൻസ്ഫർ വാങ്ങിപ്പോകുന്നു. ദൈവം ഏല്പിച്ച ശുശ്രൂഷ ദേശത്ത് പൂർത്തീകരിച്ചു എന്നാണ് അങ്ങനെയുള്ളവർ പറയുന്നത്.

സഭയിലെ ചില വ്യക്തികളുടെ ആഗ്രഹം സാധിക്കുവാനായും ശുശ്രൂഷകന്മാരെ സ്ഥലം മാറ്റരുത്. സഭയിലെ ഏതെങ്കിലും വ്യക്തിക്ക്/കുടുംബത്തിന് താല്പര്യ കുറവു കണ്ടാൽ അത് പരിഹരിക്കുവാനുള്ള ക്രിസ്തീയ മനോഭാവം സഭാശുശ്രൂഷകനുണ്ടായിരിക്കണം. ഇങ്ങനെയുണ്ടാകുന്ന ചെറിയ താല്പര്യക്കുറവും പിണക്കവുമാണ് പിന്നത്തേതിൽ സഭാശുശ്രൂഷകനെ സ്ഥലം മാറ്റത്തിലേക്ക് കൊണ്ടെത്തിക്കുന്നത്.

## പുതിയ സ്ഥലത്തെത്തിയാൽ ശുശ്രൂഷ എങ്ങനെ ആയിരിക്കണം

പുതിയ സ്ഥലത്തെത്തിയാൽ ആ ദേശത്തെ ഓരോ ഭവനങ്ങളും സന്ദർശിക്കുവാൻ ഓരോ ശുശ്രൂഷകനും തയ്യാറാകേണം. എല്ലാ വീടുകളിലും ഹൃദ്യമായ സ്വീകരണം ലഭിച്ചില്ല എന്നു വന്നേക്കാം. എങ്കിലും ഓരോ ഭവനങ്ങളിലും സുവിശേഷത്തിന്റെ ഒരു പ്രതികൾ എങ്കിലും എത്തിക്കുകയും ഒരു ദൈവഭൃത്യൻ ആ സ്ഥലത്ത് പ്രവർത്തിക്കുന്നു എന്ന് ദേശം അറിയുകയും വേണം. ഒരു ഇടയൻ പാസ്റ്റർ മാത്രമല്ല, ഒരു സുവിശേഷകനും കൂടിയാണ്. ആത്മഭാരമുള്ള ഒരു ഇടയന് സുവിശേഷം അറിയിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. അനേകർക്ക് ഇന്ന് ആ കാഴ്ചപ്പാടില്ല. ➡

➡ എന്റെ പഠനത്തിൽ ആത്മാക്കൾ ദൈവകൃപയിലേക്കു കടന്നുവരുവാൻ വ്യക്തിപരമായ സുവിശേഷീകരണം (Personal Evangelism) ആണ് ഏറെ അഭികാമ്യം. ദേശത്തുള്ളവരുമായി നല്ല ഒരു വ്യക്തിബന്ധം സ്ഥാപിച്ചെടുക്കുവാൻ ശുശ്രൂഷകന്മാർക്കു കഴിയണം. അവരുടെ ഒരു നല്ല സുഹൃത്ത് ആ ദേശത്തുണ്ടെന്ന് അവർ മനസ്സിലാക്കത്തക്ക നിലയിൽ അവരുമായി സഹകരിക്കണം.

## യാത്രയാകുമ്പോൾ/കടന്നുവരുമ്പോൾ സഭയും ശുശ്രൂഷകനും ശ്രദ്ധിക്കേണ്ടത്

സഭാശുശ്രൂഷകനായി വരുന്ന കർത്തൃശുശ്രൂഷകൻ ദൈവവും ദൈവദൂതനുമല്ല. പ്രത്യുത, അദ്ദേഹവും നമ്മെപ്പോലെ കുറവുകളും പോരായ്മകളും ഉള്ള ഒരു വ്യക്തിത്വമാണെന്ന് മനസ്സിലാക്കണം. സഭാ ശുശ്രൂഷകനായി വരുമ്പോൾ ദൈവദൂതനായിട്ടും യാത്രയാകുമ്പോൾ പിശാചായിട്ടും ചിത്രീകരിക്കപ്പെടരുത്. തങ്ങളുടെ ദേശത്ത് ദൈവീക വേല ചെയ്യുവാൻ അയക്കപ്പെട്ടതാണെന്നും യാത്രയയ്ക്കുവാനും വേല പൂർത്തീകരിച്ചു എന്നും ചിന്തിച്ച് വളരെ മാന്യമായി സ്വീകരിക്കുവാനും യാത്രയയ്ക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. സഭയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസം കർത്തൃശുശ്രൂഷകനുമായിട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം രമ്യമായി തീർത്തതിനുശേഷം വേണം യാത്രയാക്കുവാൻ. പൗലോസ് അപ്പോസ്തോലൻ എഴുതിയിരിക്കുന്നതുപോലെ വിശുദ്ധന്മാർക്ക് യോഗ്യമാംവണ്ണം യാത്ര ആക്കേണ്ടതാണ്.

## ശുശ്രൂഷകനും കുടുംബവും ശ്രദ്ധിക്കേണ്ടത്

തങ്ങൾ ശുശ്രൂഷിക്കുന്ന സഭയിൽ ഒരു വിശ്വാസി കുടുംബം ഇടറി ശുശ്രൂഷകനുമായി അകലന്നു എന്ന് മനസ്സിലായാൽ പ്രസ്തുത ഭവനത്തിൽ സന്ദർശനം നടത്തി ഇടർച്ച മാറ്റി ദൈവസ്നേഹത്തിൽ മുമ്പോട്ടു പോകുവാൻ ശ്രദ്ധിക്കണം. വിശ്വാസികളെ കുറെപ്പേരെ കൂടുതലും മറ്റു ചിലരെ കുറച്ചും സ്നേഹിക്കരുത്. ഒരു വീട്ടിൽ മാത്രം കൂടെ കൂടെ സന്ദർശനം നടത്തുകയും ചില വീടുകളിൽ ആഴ്ചകൾ കഴിഞ്ഞാലും കയറാതിരിക്കുക. കൂടുതൽ ദശാംശം തരുന്നവരെ മുഖസ്തുതി പറഞ്ഞ് പൊക്കുകയും ചെറിയ നിലയിൽ സഹകരിക്കുന്നവരെ തരം താഴ്ത്തുകയും ചെയ്യുന്ന പ്രവണത, വിദേശത്തു നിന്നും മറ്റും വരുന്നവർക്ക് സ്പെഷ്യൽ ആയി ആഹാരം ഉണ്ടാക്കികൊടുക്കുക, പാവപ്പെട്ടവൻ കയറി വന്നാൽ ഒരു ഗ്ലാസ്സ് വെള്ളം പോലും കൊടുക്കാതെ വിടുക, ഇതൊന്നും ഒരു നല്ല ഇടയന് പാടില്ല. ദശാംശം കൂടുതൽ തരുന്നവരേയും കുറച്ചു തരുന്നവരെയും തമ്മിൽ ശുശ്രൂഷകൻ താരതമ്യം ചെയ്യരുത്. ഓരോരുത്തൻ താന്താന്റെ പ്രാപ്തിക്കൊപ്പം ചെയ്യട്ടെ. ഓരോ വർഷവും സ്ഥലം മാറ്റം കഴിയുമ്പോൾ ഏകദേശ കണക്കിൽ 50നും 100നും ഇടയ്ക്ക് വിശ്വാസികൾ സഭ വിട്ടു പോകുന്നു. അതിന്റെ പൂർണ്ണ ഉത്തരവാദി സ്ഥലം സഭാ ശുശ്രൂഷകനാണ്. സഭയിൽ വരുമാനവും മറ്റും നന്നായി ഉണ്ടെങ്കിൽ ദൈവാത്മാവ് പറയുന്നു ഒരു വർഷം കൂടി ഇരിക്കുവാൻ, പോകുവാൻ സമയമായില്ല. എടുത്ത് പറയത്തക്ക വരുമാനവും സാഹചര്യവും ഇല്ല എങ്കിൽ ദൈവാത്മാവ് പറയുന്നു ശുശ്രൂഷ തീർന്നു മാറിക്കൊള്ളുവാൻ. ഇതൊക്കെ തെറ്റായ പ്രവണതകളാണ്. ട്രാൻസ്ഫർ അടുക്കുമ്പോൾ സഭയിലെ ഒരു ഗ്രൂപ്പിനെ വശത്താക്കി മാറാതിരിക്കുവാൻ തന്ത്രം മെനയുന്നവർ ചില വർഷങ്ങൾക്കു മുമ്പ് ഒരു സീനിയർ പാസ്റ്റർ സ്ഥലം മാറി പോയപ്പോൾ സഭാ പാഴ്സനേജിലെ ടോയ്‌ലറ്റുകളും മറ്റും ഉപയോഗ യോഗ്യമല്ലാതാക്കി, ഇലക്ട്രിക്ക് സാധനങ്ങൾ കേടുവരുത്തി നശിപ്പിച്ചിട്ട് പൂട്ടി താക്കോൽ അയൽ വീട്ടിൽ കൊടുത്തിട്ട് പോയി. പ്രസ്തുത ശുശ്രൂഷകൻ ഇന്ന് ദൈവസഭയിൽ ഇല്ല. എത്ര ലജ്ജാവഹം. സഭയിൽ ബലവത്തായൊരു ഗ്രൂപ്പിനെ സ്വന്തമാക്കി ന്യൂനപക്ഷം ആണെങ്കിലും കുറെപ്പേരെ തഴഞ്ഞും കുത്തുപ്രസംഗം നടത്തിയും അവരുടെ വീടുകൾ സന്ദർശിക്കുകയോ ദൈവസ്നേഹത്തിൽ അവരോട് ഒന്ന് ഇടപെടുകയോ ചെയ്യാതെ വാശി തീർക്കുന്നതുപോലെയും പക തീർക്കുന്നപോലെയും നാലും അഞ്ചും വർഷം ഒരു ഗ്രൂപ്പിനെ പീഡിപ്പിച്ചും സഭയിലെ പ്രബല കക്ഷിയെ പ്രീണിപ്പിച്ചും സഭ ഭരിക്കുന്ന ശുശ്രൂഷകന്മാർ ഈ അനാത്മിക പ്രവണത നിർത്തണം. ദൈവസന്നിധിയിൽ ആയത് ഭൂഷണമല്ല. കുറ്റകരമാണ്.

നടപ്പു വർഷത്തെ സ്ഥലം മാറ്റത്തിൽ ഒരു ശുശ്രൂഷകന്റെ ആവശ്യം എന്റെ അമ്മയ്ക്ക് സുഖമില്ല. നോക്കാൻ ആരുമില്ല. അതുകൊണ്ട് ദൂരേയ്ക്ക് അയയ്ക്കരുത്. ഒരു ഡി.പി. പ്രമോഷൻ തരാമെന്ന് പറഞ്ഞപ്പോൾ എന്നാ പിന്നെ ദൈവം അയയ്ക്കുന്നതല്ലേ പോകാം. ഈ വിധ ആത്മനിയോഗങ്ങൾ സംശയിക്കപ്പെടേണ്ടതാണ്. ദൈവഹിതത്തിനും ദൈവഇഷ്ടത്തിനും ഏല്പിച്ചുകൊടുക്കുക. വിശ്വാസികളുടെ പൊതു താല്പര്യം മനസ്സിലാക്കി തീരുമാനങ്ങൾ എടുക്കുക. പിടിച്ചിരിക്കരുത്, വളരെ ബുദ്ധിമുട്ടേണ്ടി ➡

വരും. മൂന്ന്, കൂടിയാൽ അഞ്ച് അതിൽ കൂടുതൽ ഒരു സ്ഥലം സഭയിൽ ശുശ്രൂഷകനായിരിക്കരുത്. എന്തെങ്കിലും അപാകതകൾ സൃഷ്ടിക്കപ്പെടുവാൻ സാദ്ധ്യതകൾ ഉണ്ടാകും. മാതാപിതാക്കൾക്ക് സുഖമില്ല, ഞാൻ മാത്രമേ ഉള്ളൂ. അമ്മയെ നോക്കുവാൻ സഹായിക്കണം. പോകാൻ സാദ്ധ്യമല്ല. ദൂരേക്ക് വിടരുത്. ലഭിക്കുന്ന സഭ നല്ല വരുമാനമുള്ളതോ പ്രത്യേകിച്ച് വിദേശത്താണെങ്കിൽ ഒരു പ്രശ്നവും ഇല്ല. നൂറു വട്ടം പൊയ്ക്കൊള്ളാം. ഈ കാഴ്ചപ്പാടുകളിൽ നിന്ന് മാന്യ കർത്തൃദാസന്മാർ വിമുക്തരാകണം. ചാർജ്ജ് വിട്ടു പോയ സ്ഥലത്തെ വിശ്വാസികളുടെ ഭവനങ്ങൾ തുടർന്നും സന്ദർശിക്കരുത്. അത് ഒരു നല്ല ശുശ്രൂഷകന് ഭൂഷണമല്ല.

## വിശ്വാസികളുടെ ശ്രദ്ധയ്ക്ക്

പുതുതായി ശുശ്രൂഷ ഏല്ക്കുവാൻ വന്ന കർത്തൃദാസനെ വിശുദ്ധന്മാർക്ക് യോഗ്യമാംവിധം സ്വീകരിക്കുക. പെട്ടെന്ന് തലയിൽ പൊക്കിവെച്ച് 6 മാസം കഴിയുമ്പോൾ താഴെ ഇടാതിരിക്കുക. അമിതമായ സ്നേഹവും കൂടുതൽ ഫെയ്ത്ത് ഹോം സന്ദർശനവും വേണ്ട. ആപത്താണ്. പരിജ്ഞാനത്തിൽ മാത്രം സ്നേഹിക്കുക, കരുതുക, ബഹുമാനിക്കുക. ക്രമം തെറ്റിയാൽ ഇടറും. അധികം സ്നേഹിക്കുന്നവരാണ് ശുശ്രൂഷകനെ ഓടിക്കുന്നത്. പരിജ്ഞാനത്തിൽ സ്നേഹിച്ചവരും കരുതിയവരും എത്ര വർഷങ്ങൾ കഴിഞ്ഞാലും അനുഗ്രഹമായിരിക്കും. തങ്ങളുടെ ദശാംശം സ്ഥലം സഭാ ശുശ്രൂഷകന് ഉള്ളതാണ്. അതിൽ വിശ്വാസികൾ അവകാശം പറയരുത്. ദൈവസന്നിധിയിൽ തെറ്റാണ്. അദ്ധ്വാനിക്കുന്ന ശുശ്രൂഷകന് ധാരാളം കിട്ടണം. അതിൽ വിശ്വാസികൾക്ക് അസൂയ തോന്നരുത്. അത് പാപമാണ്. പുരോഹിതനുള്ളത് അത് അങ്ങനെ തന്നെയായിരിക്കട്ടെ. മാന്യമായ ഒരു ക്രമീകരണം ഒരു നിശ്ചിത ശതമാനം മാത്രം സഭയുടെ ആവശ്യങ്ങൾക്ക് മാറ്റുക. ദശാംശം മുഴുവനും സ്ഥലം സഭാശുശ്രൂഷകന് നൽകുക. ഞരങ്ങിക്കൊണ്ട് ശുശ്രൂഷ ചെയ്യുവാൻ അനുവദിക്കരുത്. അങ്ങനെയായാൽ ആർക്കും അത് അനുഗ്രഹമല്ല. തങ്ങളുടെ ശുശ്രൂഷകനെ ബഹുമാനിക്കുന്നതിലും ആദരിക്കുന്നതിലും സ്നേഹിക്കുന്നതിലും വിശ്വാസികൾ മാതൃക ഉള്ളവർ ആയിരിക്കണം. സഭയുടെ നേതൃത്വത്തെ ആദരിക്കണം. ബഹുമാനിക്കണം. പുച്ഛിക്കരുത്, പരിഹസിക്കരുത്, തെറ്റായ നടപടി ക്രമങ്ങളെ വിമർശിക്കാം. അത് പരസ്യമായിട്ടു നേതൃത്വത്തെ നേരിൽ കണ്ട് ദൈവസ്നേഹത്തിൽ പറയുക. ഏറ്റെടുക്കും, ക്രമീകരിക്കും. എല്ലാവർക്കും അത് അനുഗ്രഹമായിരിക്കും. ദൈവസഭയുടെ പൊതു ആവശ്യങ്ങളിൽ കഴിവ് ഉള്ളിടത്തോളം സഹായിക്കുക. നില്ക്കുന്ന പ്രസ്ഥാനത്തോട് കൂറുള്ളവർ ആയിരിക്കുക. നശിപ്പിക്കുകയല്ല, പണിയുകയത്രെ നമ്മുടെ ലക്ഷ്യം. ദൈവം നല്കുന്ന നന്മയിൽ നിന്നുള്ള ദശാംശം ആരാധിക്കുന്ന സ്ഥലം സഭയിൽ മേശമേൽ സ്തോത്രത്തോടെ അർപ്പിക്കുക. ആരാധന മദ്ധ്യത്തിൽ മേശമേൽ സ്തോത്രത്തോടെ അർപ്പിക്കുന്നതിന് ഒരു പ്രത്യേക അനുഗ്രഹം ഉണ്ട്. വീടുകളിൽ ശുശ്രൂഷകന്മാർ വരുമ്പോൾ കൊടുക്കുന്നതിനേക്കാൾ അനുഗ്രഹമാണ് ആരാധന സമയത്ത് സ്തോത്രത്തോടെ മേശമേൽ അർപ്പിക്കുന്നത്. കർത്തൃശുശ്രൂഷകന്മാരെ ആദരിക്കുന്നതിലും നന്മയുടെ ഓഹരി അവർക്ക് നല്കുന്നതിലും ദൈവസഭാവിശ്വാസികൾ മുമ്പിലായിരിക്കട്ടെ. ഏവർക്കും ക്രിസ്തീയ വന്ദനം.

**പാസ്റ്റർ എം. കുഞ്ഞപ്പി**
സ്റ്റേറ്റ് ഓവർസീയർ

# നമ്മുടെ ഓഫീസ് കോംപ്ലക്സ്

ദൈവകൃപയാൽ നമ്മുടെ ഓഫീസ് കോംപ്ലക്സ് പണി ധൃതഗതിയിൽ നടക്കുന്നു. മൂന്നാം നിലയുടെ കോൺക്രീറ്റിന്റെ തയ്യാറെടുപ്പിലാണ്. മുറികളും ഓഫീസ് മുറികളും സ്പോൺസർ ചെയ്തവരും വാഗ്ദാനം ചെയ്ത സംഭാവന ഇതുവരെയും കൊടുക്കാത്തവരും കർത്തൃശുശ്രൂഷകന്മാർ ഉൾപ്പെടെ ഏവരും അതിൽ വിശ്വസ്തത പുലർത്തണം. സംഭാവനകൾ എത്രയും വേഗം ഓഫീസിൽ അടച്ചാലും. ഗ്രൗണ്ട് ഫ്ളോർ ഫിനിഷിംഗ് ജോലി ആരംഭിച്ചു. നമ്മുടെ ഓഫീസ് ബിൽഡിംഗിന്റെ പണി തീർക്കുക എന്നത് ദൈവസഭാ മക്കൾക്ക് ഒരു അനുഗ്രഹവും അഭിമാനവുമായിരിക്കും. ഓഫീസ് മുറികൾ സ്പോൺസർ ചെയ്ത ഏവരും എത്രയും വേഗം സ്റ്റേറ്റ് ഓഫീസിൽ പണം എത്തിക്കുവാൻ ഉത്സാഹിക്കണം. ദൈവസഭയിലെ എല്ലാ വിശ്വാസിമക്കളും ഈ കെട്ടുപണിയെ ഓർത്ത് പ്രാർത്ഥിക്കുകയും പ്രാപ്തിപോലെ തങ്ങളാൽ കഴിയുന്നത് സഹായിക്കുകയും ചെയ്യണം. ഒരു ദൈവസഭാ വിശ്വാസിക്കും ഈ കെട്ടുപണിയിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല. ➡

# അറിയിപ്പ്

## പാസ്റ്റർ ഷെർവിൻ

സഭാ നേതൃത്വത്തിനെതിരെ പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്തതിന്റെ പേരിൽ സ്റ്റേറ്റ് കൗൺസിൽ നടപടി സ്വീകരിക്കേണ്ടി വന്ന പാസ്റ്റർ ഷെർവിൻ, മുളക്കുഴ സീയോൻ കുന്നിൽ വന്ന് സ്റ്റേറ്റ് ഓവർസീയറെ കണ്ട് ദൈവസഭ എന്നോട് ക്ഷമിക്കണമെന്ന് കുറ്റസമ്മതം നടത്തി ക്ഷമാപണം രേഖാമൂലം എഴുതി തന്നതിനാൽ പ്രസ്തുത കർത്തൃദാസനോട് സഭാ നേതൃത്വം ക്രിസ്തീയ മനോഭാവത്തിൽ ക്ഷമിച്ചിരിക്കുന്നു.

## പാസ്റ്റർ കെ. യു. സാബു

സഭാ നേതൃത്വത്തെ അനുസരിക്കാതെ ധിക്കാരപരമായി പ്രവർത്തിക്കുകയും തിരുവഞ്ചൂർ ആരാധനാലയത്തിന് മനഃപൂർവ്വം കേടുകൾ വരുത്തുകയും ചെയ്തവർക്ക് കൂട്ടു നില്ക്കുകയും ചെയ്തതിന്റെ പേരിൽ ശുശ്രൂഷക അധികാരപത്രം റദ്ദാക്കപ്പെടുകയും ചെയ്തതുൾപ്പെടെയുള്ള ശിക്ഷയ്ക്ക് വിധേയനായ പാസ്റ്റർ കെ. യു. സാബു സഭാ നേതൃത്വത്തോടും ദൈവസഭയോടു പൊതുവെയും ക്ഷമ ചോദിച്ച് ക്ഷമാപണം രേഖാമൂലം എഴുതി തന്ന് സഭയ്ക്കുണ്ടായ സാമ്പത്തിക നഷ്ടത്തിന് യോഗ്യമായ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തതിനാൽ സഭാ നേതൃത്വം അദ്ദേഹത്തോട് ക്ഷമിച്ചിരിക്കുന്നു.

മുകളിൽ പറഞ്ഞ രണ്ടു ക്ഷമാപണവും സ്റ്റേറ്റ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്.

എന്ന്
സ്റ്റേറ്റ് ഓവർസീയർ


### ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ

# മലബാർ സോണൽ കൺവൻഷൻ

സ്ഥലം : **പാലക്കാട് ടൗൺ ഹാൾ**

തീയതി : **2011 ഏപ്രിൽ 13, 14, 15 (ബുധൻ വ്യാഴം, വെള്ളി)**

സമയം : **9.30 – 12.30 ◆ 2 – 4 ◆ 5 – 8.30**

**"ആത്മനിറവും വചനപരിജ്ഞാനവുമുള്ള ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു"**

14 വ്യാഴം ഉച്ചകഴിഞ്ഞ് യുവജന സമ്മേളനം
15 വെള്ളി രാവിലെ സംയുക്ത ആരാധന–
ഉച്ചകഴിഞ്ഞ് സഹോദരി സമ്മേളനം

*ഗാനശുശ്രൂഷ*
**യൂണിവേഴ്സൽ വോയ്സ്**
ഒപ്പം പ്രശസ്ത ഗായകൻ : **ബ്രദർ തഞ്ചാവൂർ വില്യംസ്**

*കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ മാത്യു കെ. ഫിലിപ്പ് (സോണൽ ഡയറക്ടർ), 9447254506*


## വൈ. പി. ഇ. സമ്മർക്യാമ്പ് പത്തനംതിട്ടയിൽ

**വൈ.പി.ഇ. സമ്മർക്യാമ്പ് പത്തനംതിട്ട A.G.T ഓഡിറ്റോറിയത്തിൽവെച്ച് ഏപ്രിൽ മാസം 14,15 തീയതികളിൽ നടക്കും. Y.P.E. സ്റ്റേറ്റ് പ്രസിഡണ്ട് പാസ്റ്റർ വൈ. റെജി ക്യാമ്പ് ഉത്ഘാടനം ചെയ്യും. പാസ്റ്റർ ബെൻസൺ മത്തായി മുഖ്യസന്ദേശം നല്കും. അനിൽ കൊടിത്തോട്ടം, പാസ്റ്റർ പി. ജെ. ജെയിംസ് എന്നിവരെകൂടാതെ വൈ.പി.ഇ. ബോർഡും ശുശ്രൂഷകൾക്ക് നേതൃത്വം നല്കും."വിഷൻ, മിഷൻ ആന്റ് സബ്മിഷൻ"എന്നത് ക്യാമ്പിന്റെ തീംആയിരിക്കും.**

# ഇതു പരിശുദ്ധാത്മ പകർച്ചയുടെ നാളുകൾ

(കേരളാസ്റ്റേറ്റ് ദൈവസഭാ 88-ാമത് ജനറൽ കൺവൻഷനിൽ 21.01.2011 വെള്ളിയാഴ്ച രാത്രിയോഗത്തിൽ **World Mission Director Rev. DOUGLAS LE ROY** നടത്തിയ പ്രസംഗം. പരിഭാഷപ്പെടുത്തിയത് **Prof. Susheel Mathew** (USA).



Rev. DOUGLAS LE ROY

**സൗത്താഫ്രിക്കയിൽ** മിഷനറി ആയിരുന്ന റവ. റോളണ്ട് എന്ന ദൈവദാസൻ അവിടെ കുടിയേറി പാർക്കുന്ന ഇൻഡ്യാക്കാരുടെയിടയിൽ ദൈവസഭയുടെ ചിലകൂടിവരവുകൾ സ്ഥാപിച്ചിട്ടുണ്ട്. അ ദ്ദേഹം ആറു വർഷം നിരന്തരമായി നടത്തിയ സു വിശേഷ പ്രവർത്തനത്തിനുശേഷമാണ് ഒരു വ്യക്തിയെങ്കിലും രക്ഷയിലേക്കു കടന്നുവരുവാനിടയായത്. ആ ദൈവഭൃത്യൻ മരിക്കുമ്പോൾ സൗത്താഫ്രിക്കയിലെ ഇൻഡ്യാക്കാരിൽ ഏകദേശം 75,000പേർ ദൈവസഭാ വിശ്വാസികളായി തീർന്നിരുന്നു. ഒരു ദിവസം അദ്ദേഹം വിവിധസ്ഥലങ്ങളിലെ യോഗങ്ങ ൾക്കുശേഷം മടങ്ങി ഭവനത്തിൽ എത്തി രാത്രിയിൽ ഉറങ്ങുവാൻ കിടന്നു. ആ രാത്രി അദ്ദേഹത്തി നു ഉറങ്ങുവാൻ സാധിക്കാത്ത നിലയിൽ തന്റെ തൊണ്ടയിൽ ആരോ അമർത്തുന്നതുപോലെയും ശ്വാസം മുട്ടുന്നതായും അനുഭവപ്പെട്ടു. അദ്ദേഹം എഴുന്നേറ്റു മുറിയിലെ പ്രകാശം തെളിച്ചു. പക്ഷേ അസാധാരണമായി ഒന്നും കാണാതിരുന്നതിനാൽ കിടക്കയിലേക്കു മടങ്ങി. എന്നാൽ മുമ്പുണ്ടായിരുന്നതുപോലെ തന്നെ കഴുത്തിൽ ആരോ പിടിച്ചമർത്തുന്നതുപോലെയുള്ള അസ്വസ്ഥത അപ്പോഴും അനുഭവപ്പെട്ടതിനാൽ വീണ്ടും എഴുന്നേറ്റു പ്രകാശം തെളിച്ചെങ്കിലും പ്രത്യേകമായി ഒന്നും കാണുവാൻ സാധിച്ചില്ല. കിടക്കയിൽവച്ചു മൂന്നാമത്തെ പ്രാവശ്യം അതേ അസ്വസ്ഥത തോന്നിയതിനാൽ അദ്ദേഹം എഴുന്നേറ്റു കണ്ണാടിയുടെ മുമ്പിലേക്കു മാറിനിന്നു നോക്കിയപ്പോൾ ഏതോ ഒരു ശക്തി തന്റെ തൊണ്ടയ്ക്കു പിടിച്ചു ശ്വാസം മുട്ടിക്കുവാനും കൊല്ലുവാനും ശ്രമിക്കുന്നതായി തോന്നി. അത് ഒരു സാത്താന്യ ആക്രമണമാണെന്ന് അപ്പോൾ അദ്ദേഹത്തിനു മനസ്സിലാകുകയും ദൈവീക അധികാരത്തോടെ ആ സാത്താന്യ പോരാട്ടത്തെ ശാസിക്കുകയും ചെയ്തു. പിന്നീട് ഒന്നും ചെയ്യുവാൻ കഴിയാതെ ആ ദുഷ്ടശക്തി അവിടെനിന്നും പുറപ്പെട്ടുപോയി. പിറ്റെദിവസം രാവിലെ അടുത്തു ള്ള ഒരു ക്ഷേത്രത്തിൽ നിന്നും ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. കഴിഞ്ഞ രാത്രി നിങ്ങൾ ഉറങ്ങുമ്പോൾ അസാധാരണമായി എന്തെങ്കിലും സംഭവിച്ചുവോ എന്നു അദ്ദേഹത്തോടു ചോദിച്ചു. അപ്രകാരം ആ മനുഷ്യൻ എന്തുകൊണ്ടാണ് ചോദിക്കുന്നതെന്ന് റവ. റോളണ്ട് അന്വേഷിച്ചപ്പോൾ അയാൾ മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു: "നിങ്ങളുടെ സുവിശേഷപ്രവർത്തനം നിമിത്തം ഞങ്ങളുടെ ക്ഷേത്രത്തിൽ വന്നുകൊണ്ടിരുന്നവരിൽ പലരും ഇപ്പോൾ അവിടെ വരാതിരിക്കുകയും അവർ നിങ്ങളുടെ കൂട്ടത്തിൽ ചേർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഞങ്ങൾ ഒരുമിച്ചുകൂടി ഒരു സാത്താന്യശക്തിയെക്കൊണ്ട് കഴിഞ്ഞരാത്രിയിൽ നിങ്ങളെ കൊല്ലുവാൻ പദ്ധതിയിട്ടിരുന്നു. അതുകൊണ്ടാണ് രാത്രിയിൽ നിങ്ങൾക്കു വല്ല പ്രത്യേക അനുഭവവും ഉണ്ടായോ എന്നു ചോദിക്കുവാൻ കാരണം". റവ. റോളണ്ട് ആ മനുഷ്യനോട് ഇങ്ങനെ പറഞ്ഞു: നിങ്ങൾ അയച്ച ദുഷ്ടശക്തി കഴിഞ്ഞ രാത്രിയിൽ എന്നെ കൊല്ലുവാൻ ശ്രമിച്ചു എന്നുള്ളത് ശരിയാണ്. എന്നാൽ യേശുക്രിസ്തുവിന്റെ അധികാരമുള്ള നാമത്തിൽ ഞാൻ ആ ശക്തിയെ കീഴടക്കി. അദ്ദേഹം തുടർന്നു പറഞ്ഞു; തന്നിൽ പകർന്നിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയുടെ വ്യാപാരത്താൽ ആ ദുഷ്ടാത്മാവ് ഓടിപ്പോകുവാൻ ഇടയായി. ആ പ്രത്യേക സന്ദർഭത്തിൽ പരിശുദ്ധാത്മ ശക്തി എനിക്കു മതിയായതായിരുന്നു. ഇതു കേട്ടയുടൻ തന്നെ ആ മനുഷ്യൻ ദൈവഭക്തന്റെ മുമ്പിൽ മുട്ടുകൾ മടക്കുകയും നിങ്ങൾ സേവിക്കുന്ന ദൈവം ഞങ്ങളുടെ ദേവന്മാരെക്കാൾ വലിയവൻ എന്നു സമ്മതിക്കുകയും ചെയ്തു. ആ വലിയ ദൈവത്തെ സേവിക്കുവാൻ താൻ ആഗ്രഹിക്കുന്നു എന്ന് ആ മനുഷ്യൻ പറയുകയും തുടർന്നു യേശുക ർത്താവിനെ രക്ഷിതാവായി അംഗീകരിച്ച അദ്ദേഹം ദൈവസഭയുടെ

➡

ഒരു ശുശ്രൂഷകനായി കർത്തൃവേലയിലായിരിക്കുകയും ചെയ്തു. നാം ഒരുമിച്ചു കൊയ്ത്തിലേക്കു പോകുമ്പോൾ നമ്മുടെ ശക്തി പരിശുദ്ധാത്മശക്തി ആകുന്നു.

ഹോളണ്ടിൽവെച്ച് ഇൻഡോനേഷ്യയിൽ നിന്നും വന്ന ഒരു ദൈവഭൃത്യനെ സന്ദർശിക്കുവാൻ എനിക്കു അവസരം ലഭിച്ചു. താൻ എങ്ങനെയാണു കർത്താവിനെ കണ്ടുമുട്ടിയത് എന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം തന്റെ അനുഭവസാക്ഷ്യം ഞാനുമായി പങ്കുവച്ചത് ഇപ്രകാരമായിരുന്നു. അദ്ദേഹം ആഭിചാരവും മന്ത്രവാദവും നടത്തിവന്നിരുന്ന ഒരു വ്യക്തിയായിരുന്നു. പൈശാചികശക്തികൊണ്ട് പല മന്ത്രങ്ങളും തന്ത്രങ്ങളും ചെയ്യുവാൻ തനിക്കു കഴിയുമായിരുന്നു. അങ്ങനെ മുമ്പോട്ടു പോകുന്ന വേളയിൽ ഒരു ദിവസം ഒരു കർത്തൃദാസൻ യേശുകർത്താവിനെക്കുറിച്ചു അദ്ദേഹത്തോടു സംസാരിക്കുവാനിടയായി. യേശുവിനെക്കൊണ്ട് എനിക്കു എന്താവശ്യം; പല കാര്യങ്ങളും ചെയ്യുവാനുള്ള ശക്തി എനിക്കിപ്പോൾ ഉണ്ടല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. തുടർന്ന്, എനിക്കുള്ള ശക്തി നിങ്ങളുടെ മുമ്പാകെ ഞാൻ കാണിക്കാം, അതുപോലെ ചെയ്യുവാൻ നിങ്ങൾക്കു സാധിക്കുമോ എന്നുനോക്കാം എന്നു പറഞ്ഞു കൊണ്ട് മേശപ്പുറത്തുവച്ചിരിക്കുന്ന ഒരു പ്ലേറ്റു എടുത്തു ജനാലയിൽ കൂടി പുറത്തേക്കു വലിച്ചെറിഞ്ഞു. ജനാലയുടെ ചില്ലുകൾക്ക് ഒരുപോറലുപോലുമുണ്ടാകാതെ ആ പ്ലേറ്റു പുറത്തേക്കു പോകുകയും തിരികെ വിളിച്ചപ്പോൾ ചില്ലുകൾ അതേപടി ഇരിക്കവേ പ്ലേറ്റു മുറിക്കകത്തെ മേശപ്പുറത്ത് മടങ്ങി വന്നിരിക്കുകയും ചെയ്തു. അപ്രകാരം തന്നെ മുറിയിൽ ഉണ്ടായിരുന്ന ഒരു കസേര ജനലിന്റെ ഗ്ലാസുപൊട്ടാതെ വെളിയിലേക്കു വലിച്ചെറിയുകയും മടക്കി മുറിക്കകത്തേക്കു വരുത്തുകയും ചെയ്തു. തന്റെ ശക്തി ഇങ്ങനെ വെളിപ്പെടുത്തിയതുപോലെ കർത്തൃദാസനു ചെയ്യുവാൻ സാധിക്കുമോ എന്നു വെല്ലു വിളിച്ചു. എന്നാൽ താൻ ദൈവത്തോടു പ്രാർത്ഥിച്ചിട്ടു മാത്രമേ മറുപടി പറയുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ദൈവാലോചന എന്തെന്നു അറിഞ്ഞിട്ടു പിറ്റേദിവസം മറുപടി കൊടുക്കാം എ ന്നുപറഞ്ഞു അദ്ദേഹം ഭവനത്തിലേക്കു മടങ്ങി. അ തിൻപ്രകാരം അടുത്തദിവസം കർത്തൃദാസൻ തന്റെയടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: "ദൈവം നിങ്ങളോടു പറയുവാൻ എന്നോടു ആവശ്യപ്പെട്ടത് ചില തന്ത്രങ്ങൾ ഒക്കെ കാണിച്ച് താൻ ആരെന്നു വെളിപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എന്നാൽ എന്റെ ദൈവത്തിന്റെശക്തി നിങ്ങളിലുള്ള ശക്തിയേക്കാൾ വലുതാണെന്നു ഒന്നു തെളിയിച്ചു തരുവാൻ വേണ്ടി ഞാൻ നിങ്ങളിലുള്ള ശക്തിയെ യേശുകർത്താവിന്റെ നാമത്തിൽ നിർവീര്യമാക്കുന്നു". കർത്തൃദാസന്റെ വാക്കുകളെ പുച്ഛിച്ചു തള്ളിയിട്ടു കഴിഞ്ഞ ദിവസം ചെയ്തതുപോലെ മേശപ്പുറത്തിരുന്ന പ്ലേറ്റ് താൻ ജനാലയിലൂടെ പുറത്തേക്കു വലിച്ചെറിഞ്ഞു. പക്ഷേ സംഭവിച്ചത്, ജനാലയുടെ ചില്ലുകൾ പൊട്ടുകയും പ്ലേറ്റ് താഴെ വീണ് അനേകകഷണങ്ങളായി മുറിക്കുള്ളിൽ ചിതറുകയുമായിരുന്നു. വീണ്ടും കഴിഞ്ഞ ദിവസത്തെപ്പോലെ മുറിക്കുള്ളിലുള്ള കസേര ജനാലയിലൂടെ പുറത്തേക്കെറിയുവാൻ ശ്രമിച്ചെങ്കിലും അതു ജനാലയുടെ ചില്ലുകൾ തകർത്തുകൊണ്ട് അകത്തുതന്നെ നിലംപൊത്തി അതിന്റെ പല ഭാഗങ്ങൾ അടർന്നുപോകുകയും ചെയ്തു. അപ്രതീക്ഷിതമായ ഈ അനുഭവമുണ്ടായപ്പോൾ താൻ ആ കർത്തൃദാസന്റെ മുമ്പിൽ മുട്ടുകുത്തി തന്നിലുണ്ടായിരുന്ന ശക്തിയെ നിർവ്വീര്യമാക്കുവാൻ കഴിഞ്ഞ ദൈവത്തിന്റെ വലിയ ശക്തിയിൽ വിശ്വസിക്കുവാനും തുടർന്നു യേശുകർത്താവിനെ സേവിക്കുവാൻ തീരുമാനമെടുക്കുവാനുമിടയായി. ഇതായിരുന്നു ഇൻഡോനേഷ്യക്കാരനായ ആ ദൈവദാസൻെറ അനുഭവസാക്ഷ്യം.

നാം ഈ ലോകത്തിൽ കൊയ്ത്തിനായി ഇറങ്ങുമ്പോൾ ഇപ്രകാരമുള്ള സാത്താന്യശക്തികളെ നേരിടേണ്ടതായി വരും. എന്നാൽ ഒരു കാര്യം ഞാൻ നിങ്ങൾക്കു ഉറപ്പുതരട്ടെ. നമ്മളിലുള്ളവൻ ഈ ലോകത്തിലുള്ളവനെക്കാൾ വലിയവൻ ആകുന്നു. ദൈവം തന്റെ ആത്മാവിന്റെ ശക്തി നമ്മിൽ പകർന്നു നൽകിയിട്ടുണ്ട്. യേശുക്രിസ്തു ദൈവപുത്രൻ എന്നു ലോകം മനസ്സിലാക്കട്ടെ. അവൻ മരണത്തെ ജയിച്ചവനാകുന്നു. അവൻ വേഗംവരുന്ന രാജാവാകുന്നു. ആ യേശുക്രിസ്തുവിന്റെ മുമ്പിൽ അത്രേ നാം ഇവിടെ കൂടിയിരിക്കുന്നത്.

അടുത്തതായി, യേശുകർത്താവിനെ ഉയർത്തുവാൻ വേണ്ടിയാണ് ദൈവത്തിന്റെ ആത്മാവിനെ നമുക്ക് ദാനമായി നൽകിയിരിക്കുന്നത്. യേശു തന്റെ ശിഷ്യന്മാരോടു ഇപ്രകാരം പറഞ്ഞു: പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ അവൻ എന്നെക്കുറിച്ച് നിങ്ങളോടു സാക്ഷീകരിക്കും. അങ്ങനെ നിങ്ങൾ എന്നെക്കുറിച്ച് അറിയേണ്ടതുപോലെ അറിയുവാൻ സാധ്യമായിത്തീരും. ആകയാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ പകരപ്പെടുവാനും അവൻ നിങ്ങളുടെ ഉപദേഷ്ടാവായി തീരുവാനും അനുവദിച്ചുകൊടുക്കുക.

*(തുടരും...)* ❖

# “നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ!!”

**പാസ്റ്റർ കെ. എ. ഉമ്മൻ, തിരുവല്ല**

**എന്നും നല്ല നാളുകൾ** മാത്രം കൊതിക്കുന്നവനാണു മനുഷ്യൻ. പക്ഷേ ഇവിടെ ആർക്കും അ ങ്ങനെ ഒന്നു കിട്ടാറില്ലെന്നു മാത്രം. ആദിയോടന്തം സുഖം മാത്രം അനുഭവിച്ചുകൊണ്ട് യാത്ര അവസാനിപ്പിക്കുന്ന ആരും ഇവിടെയില്ല. ശലോമോന്റെ തത്വജ്ഞാനത്തിൽ എല്ലാറ്റിനും ഒരു കാലമുണ്ട്. വിലപിക്കുവാനും നൃത്തം ചവിട്ടാനും, സ്നേഹിക്കപ്പെടുവാനും വെറുക്കപ്പെടുവാനും, കരയുവാനും ചിരിക്കുവാനും, സമ്പാദിക്കുവാനും നഷ്ടമാവാനുംസംസാരിക്കുവാനും മിണ്ടാതിരിക്കുവാനും, ഒക്കെ എല്ലാവരുടെയും ജീവിതത്തിൽ ഒരു കാലം അഥവാ സമയം ഉണ്ടെന്നാണ് ജ്ഞാനി പറയുന്നത്. അത് ഒരു യാഥാർത്ഥ്യവുമാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുന്നവർക്കുമാത്രമേ ദുഃഖവേളകൾക്കപ്പുറത്ത് സന്തോഷത്തിന്റെ നല്ല നാളുകളെ സ്വപ്നം കാണുവാൻ സാധിക്കൂ. വിലാപത്തിന്റെ മതിലുക ൾക്കപ്പുറത്തു നൃത്തച്ചുവടുകളുടെ വിശാലയിടങ്ങൾ ദർശിക്കുവാൻ അങ്ങനെയുള്ളവരുടെ അകകണ്ണുകൾക്കുമാത്രമേ കഴിയൂ.

ഒരു ക്ഷാമകാലമുണ്ടെങ്കിൽ അതിനപ്പുറത്ത് ഒരു സമൃദ്ധിയുടെ കാലം ഉണ്ടാകും എന്ന ഉൾക്കാഴ്ചയില്ലാതെ പോയ ഒരു യിസ്രായേല്യകുടുംബം ക്ഷാമത്തെ അതിജീവിക്കുവാൻ മോവാബിലേക്ക് ഇറങ്ങിപ്പോയതിന്റെ ദുരന്ത ചരിത്രമാണ് രൂത്തിന്റെ പുസ്തകം ആദ്യ അദ്ധ്യായം വെളിപ്പെടുത്തുന്നത്. ഇല്ലായ്മയിൽ നിന്നുമോചനം ലഭിച്ച ആദ്യനാളുകൾ ഒരുഭാഗ്യകാലം ആയി അവർ കരുതിയിരിക്കാം. ക്ഷാമത്തിൽ നിന്നും രക്ഷപെടുക എന്ന ഏകഉദ്ദേശമേ ആ ഇറങ്ങിപോക്കിന് ഉണ്ടായിരുന്നുള്ളൂ എങ്കിലും കാലം മാറിയപ്പോൾ കാഴ്ചപ്പാടും മാറി; ഇന്നത്തെ ആത്മീയ ഗോളത്തിൽ സംഭവിച്ചിരിക്കുന്നതുപോലെ. നല്ല കാലം വന്നപ്പോൾ പ്രമാണത്തിനു എന്തു പ്രസക്തി? പിതാക്കന്മാരുടെ ചരിത്രം ചവറ്റുകൊട്ടയിൽ തള്ളി. പത്താം തലമുറയ്ക്കു പോലും യഹോവയുടെ സഭയിൽ പ്രവേശനം നിഷേധിക്കപ്പെട്ട മോവാബ്യരുമായി ബന്ധം കൂടുന്നതിൽ ഒരു അറപ്പും വെറുപ്പും തോന്നിയില്ല. ക്ഷാമകാലത്തിനപ്പുറം ദൈവം തന്റെ ജനത്തെ സന്ദർശിച്ചു അവർക്ക് ആഹാരം കൊടുക്കുന്ന ശുഭതയുടെ നല്ല നാളുകളെ മുന്നിൽ കാണുവാൻ കഴിയാതെ പോയ എലിമേലേക്കിനും കുടുംബത്തിനും അവരുടെ കണക്കുകൂട്ടലുകൾ എല്ലാം തെറ്റുവാനും തീരാദുഃഖവും കണ്ണുനീരും മാത്രമുള്ള വിലാപകാലം ആ ഭവനത്തെ ഗ്രസിക്കുവാനും കാലം അധികം വേണ്ടിവന്നില്ല. മൂന്നു വിധവമാർ മാത്രം അടങ്ങുന്ന ഒരു ഭവനമായിത്തീരുമ്പോൾ അവരുടെ ഭാഗ്യകാലം എന്നേ അവസാനിച്ചിരുന്നു. അപ്പോഴേക്കും ദൈവജനത്തിന്റെ ക്ഷാമകാലത്തിന് അറുതിവരുത്തിക്കൊണ്ട് ദൈവം ദേശത്തെ സന്ദർശിക്കുകയും അവർക്ക് ആഹാരം നൽകുകയും ചെയ്തിരുന്നു. ആ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വന്തദേശത്തേക്കു മടങ്ങുവാനുള്ള ശരിയായതീരുമാനമെടുത്ത നവൊമിയുടെ ജീവിതത്തിൽ വീണ്ടും സന്തോഷത്തിന്റെ ഒരു നല്ലകാലം ഉദയം ചെയ്തതിന്റെ ചരിത്രം രേഖപ്പെടുത്തിക്കൊണ്ടത്രേ രൂത്തിന്റെ പുസ്തകം അവസാനിക്കുന്നത്.

ജീവിതത്തിലെ ശുഭതയുടെ നല്ലകാലത്തെക്കുറിച്ചു വർണ്ണിക്കുവാൻ ഭക്തനായ ഇയ്യോബിനു ധാരാളം വകയുണ്ടായിരുന്നു എന്ന് ഇയ്യോബ് 29-ാം അദ്ധ്യായത്തിൽ കാണുന്നു. എന്നാൽ നഷ്ടത്തിന്റെയും കഷ്ടത്തിന്റെയും വേദനയുടെയും ഒറ്റപ്പെടുത്തലിന്റെയും മറ്റൊരുകാലം ഇയ്യോബിന്റെ ജീവിതത്തിന്റെ ഭാഗമായി. പക്ഷേ അപ്പോഴും മുറുകെ പിടിച്ചിരുന്ന ദൈവഭക്തി ഉപേക്ഷിക്കുവാൻ താൻ തയ്യാറായില്ല. മറിച്ച് വീണ്ടെടുപ്പിന്റെ പ്രത്യാശ ഹൃദയത്തിൽ പ്രഭവിതറിയപ്പോൾ ആ ഭക്തൻ പറഞ്ഞത് തന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു എന്നും തന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഒടുവിൽ ദേഹസഹിതനായി സ്വന്തകണ്ണുകൊണ്ടു തന്നെ അവനെ കാണുമെന്നുമായിരുന്നു. തന്നിൽ പ്രത്യാശ അർപ്പിച്ച ഇയ്യോബിന് നഷ്ടപ്പെട്ടതൊക്കെ ഇരട്ടിയായി നൽകി സന്തോഷത്തിന്റെയും ശുഭതയുടെയും മറ്റൊരു കാലംകൂടി അനുവദിച്ചുകൊടുത്ത സർവ്വശക്തന്റെ സ്നേഹവായ്പിന്റെ വിവരണവും കൂട്ടിച്ചേർത്താണല്ലോ ആ പുസ്തകവും അവസാനിക്കുന്നത്. കരയുവാൻ ഒരു കാലം ചിരിക്കുവാൻ ഒരു കാലം എന്നു ശലോമോൻ പറഞ്ഞത് ശരി തന്നെ എന്ന് ഇയ്യോബിന്റെ ജീവിതവും സാക്ഷ്യപ്പെടുത്തുന്നു.

➡

ബെഥാന്യയിലെ ആ ഭവനം യേശുവിനെ ആത്മാർത്ഥമായി സ്നേഹിച്ചു, കലവറകൂടാതെ ശുശ്രൂഷിച്ചു. യോഹ. 11:5ൽ കാണുന്നപ്രകാരം ആ ഭവനത്തിലുള്ള മൂവരും അവനു സ്നേഹഭാജനങ്ങളായിരുന്നു. തനിക്കു സ്നേഹിതനും പ്രിയനുമായിരുന്ന ലാസറും ശുശ്രൂഷയിൽ അത്യുത്സാഹിയായിരുന്ന മാർത്തയും വചനപഠനത്തിനായി കാൽക്കൽ ഇരുന്ന മറിയയും ഉൾപ്പെട്ട ആ ഭവനം യേശു ബെഥാന്യയിൽ വരുമ്പോഴൊക്കെ ആതിഥ്യമരുളിയിരുന്നു. അവരുടെ ജീവിതത്തിലെ സന്തോഷ വേളകളായിരുന്നു അത്. എന്നാൽ നിനച്ചിരിക്കാത്ത സമയത്താണ് കാർമേഘപടലം ആ ഭവനത്തെ മൂടിയത്. ലാസർ രോഗിയായി കിടപ്പിലായി. തങ്ങളുടെ സഹോദരൻ അത്യാസന്ന നിലയിലേക്കു നീങ്ങുന്നു എന്നു കണ്ട സഹോദരിമാർ യേശുവിനെ വിവരം ധരിപ്പിക്കുവാൻ ആളയച്ചു. .യേശുവിന്റെ വരവും നോക്കി അവർ ആശയോടെ കാത്തിരുന്നു. പക്ഷേ രോഗിയായ ലാസർ മരിച്ചു കഴിഞ്ഞിട്ടും യേശു വന്നില്ല. മാർത്തക്കും മറിയക്കും ആ ദുഃഖം താങ്ങാവുന്നതിലപ്പുറമായിരുന്നു. സഹോദരനായ ലാസർ അവർക്കു നഷ്ടമായി എന്ന ദുഃഖത്തോടൊപ്പം, വിവരം അറിയിച്ചിട്ടും യേശു കടന്നുവന്നില്ല എന്നുള്ളത് അവരുടെ സങ്കടം പതിമടങ്ങ് വർദ്ധിക്കുന്നതിനിടയാക്കി. ഗുരുനാഥൻ ഒന്നു വന്നാൽ മാത്രം മതിയായിരുന്നു ലാസറിനു സൗഖ്യം ലഭിക്കുവാൻ എന്ന് അവർ പൂർണ്ണമായി വിശ്വസിച്ചിരുന്നു; പക്ഷേ അത് സംഭവിച്ചില്ല.

തക്കസമയത്തു സകലതും നന്നായി ചെയ്യുന്ന യേശുവിനെ ഇനിയും അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. യേശു ബെഥാന്യയിലേക്കു യാത്രതിരിച്ചത് രോഗിയായ ലാസറെ സൗഖ്യമാക്കുവാനല്ല, അതിനെക്കാൾ വലിയ ഒരു അത്ഭുത പ്രവർത്തി വെളിപ്പെടുത്തുവാൻ വേണ്ടിയായിരുന്നു. മരിച്ചു നാലു ദിവസമായി നാറ്റം വെച്ചുതുടങ്ങിയ ലാസറെ ഉയർപ്പിച്ചു ജീവിതത്തിലേക്കു മടക്കിവരുത്തി താൻ ജീവന്റെ നാഥൻ എന്നു വെളിപ്പെടുത്തുക എന്നതായിരുന്നു ആ യാത്രയുടെ ലക്ഷ്യം. ശിഷ്യന്മാർക്കുപോലും യേശുവിന്റെ മനസ്സ് മനസിലാക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് തോമസ് പറഞ്ഞത്: “അവനോടു കൂടെ മരിക്കേണ്ടതിനു നാമും പോക” എന്ന്. ജീവനായകനായ കർത്താവ് മരിച്ചവനെ ഉയിർപ്പിക്കുവാൻ പോകുമ്പോൾ, ശിഷ്യനായ തോമസിന്റെ മനശാസ്ത്രം മറിച്ചായിരുന്നു. യേശു അവിടെ എത്തിയപ്പോൾ മാർത്തയ്ക്കും

**കാലം മാറിയപ്പോൾ കാഴ്ചപ്പാടും മാറി; ഇന്നത്തെ ആത്മീയ ഗോളത്തിൽ സംഭവിച്ചിരിക്കുന്നതുപോലെ. നല്ല കാലം വന്നപ്പോൾ പ്രമാണത്തിനു എന്തു പ്രസക്തി? പിതാക്കന്മാരുടെ ചരിത്രം ചവറ്റുകൊട്ടയിൽ തള്ളി. പത്താം തലമുറയ്ക്കുപോലും യഹോവയുടെ സഭയിൽ പ്രവേശനം നിഷേധിക്കപ്പെട്ട മോവാബ്യരുമായി ബന്ധം കൂടുന്നതിൽ ഒരു അറപ്പും വെറുപ്പും തോന്നിയില്ല.**

മറിയയ്ക്കും പറയുവാനുണ്ടായിരുന്നത് ഒരേ കാര്യമായിരുന്നു; “കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ” (യോഹ. 11:21,32). ദുഃഖവേളകൾ വരുമ്പോൾ നാമും പലപ്പോഴും പറയുന്ന അതേ വാചകം. കർത്താവ് എന്റെ പ്രാർത്ഥന കേട്ടിരുന്നു എങ്കിൽ, അവൻ എന്റെ അപേക്ഷ തള്ളിക്കളയാതിരുന്നെങ്കിൽ, ഇങ്ങനെ ഒരു ദുഃഖം എനിക്കു നേരിടുകയില്ലായിരുന്നു. പക്ഷേ ഈ കഷ്ടതയുടെ നാളുകൾക്കപ്പുറത്ത് സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ഒരു കാലം ഒരുക്കുവാൻ കർത്താവിനു പദ്ധതിയുണ്ടെന്നു കാണുവാൻ നമുക്കു കഴിയാതെ പോകുമ്പോഴാണ് ഈ പതംപറച്ചിൽ. തീരാത്ത ദുഃഖവും തോരാത്ത കണ്ണീരും നിറഞ്ഞ ഇരുളിന്റെ നാളുകളാണ് ലാസറിന്റെ സഹോദരിമാർ മുമ്പിൽ കണ്ടത്. എന്നാൽ ചില ദിവസങ്ങൾക്കപ്പുറത്ത് ഒരുക്കപ്പെട്ട ഒരു വിരുന്നുശാലയിൽ അവരുടെ സഹോദരൻ ലാസറിനൊപ്പം ഇരിക്കുവാനായിരുന്നു യേശുവിന്റെ പദ്ധതി. യോഹ. 11–ാം അദ്ധ്യായം വേർപാടിന്റെ തീരാദുഃഖം പേറുന്ന ഒരു കുടുംബത്തിന്റെ ചരിത്രമാണ് നമ്മുടെ മുമ്പിൽ തുറക്കുന്നതെങ്കിൽ 12–ാം അദ്ധ്യായം സന്തോഷപൂർണ്ണമായ ഒരു വിരുന്നുശാലയുടെ വാതായനമാണ് നമുക്കായി തുറക്കുന്നത്.

പ്രിയ മിത്രമേ, പ്രതിസന്ധികളുടെ നടുവിൽ വേദനപ്പെടുന്ന ഹൃദയവുമായി, ആശയറ്റവനായി കഴിയുന്ന ഒരു ജീവിതമാണ് നിങ്ങളെങ്കിൽ, രക്ഷകനായ യേശുവിൽ വിശ്വസിക്കൂ, ഇന്നിന്റെ വിലാപത്തിനപ്പുറം വിരുന്നിന്റെ ഒരു നല്ല നാളെ നിങ്ങൾക്കായി ഒരുക്കുവാൻ അവൻ മതിയായവൻ!! ❖

# അഭിഷേകം എന്തിന്?

പാസ്റ്റർ വിനോദ് ജയിക്കബ്

അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു അഹരോന്യ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെയും ...

*സങ്കീർത്തനം 133:2*

എണ്ണ മരുന്നായും ഉപയോഗിച്ചിരിക്കുന്നതു കാണാം. നല്ല ശമര്യാക്കാരന്റെ യെരീഹോവിലേക്കുള്ള യാത്രയിൽ അർദ്ധപ്രാണനായി കിടക്കുന്ന മനുഷ്യനെ കണ്ടു. അവന്റെ മുറിവിലേക്കു എണ്ണയും വീഞ്ഞും പകർന്നു. എണ്ണ മുറിവു കരിയുന്നതിനും വീഞ്ഞ് മുറിവു കൂടുതൽ വ്രണപ്പെടാതെ അതിലെ അണുക്കളെ കൊല്ലേണ്ടതിനും ആയിരുന്നു. ആകയാൽ പരിശുദ്ധാത്മാവാകുന്ന എണ്ണ രണ്ടുകാര്യം ചെയ്യുന്നു. ഒന്നാമതായി ശുദ്ധീകരിക്കുന്നു, വെടിപ്പാക്കുന്നു. രണ്ടാമതായി, പരിശുദ്ധാത്മാവ് നമ്മെ പരിപൂർണ്ണമാക്കുന്നു. നമ്മുടെ പ്രശ്നം എന്താണെന്നു ചോദിച്ചാൽ നാം അകമേ മുറിവേറ്റിരിക്കുന്നു. അകത്തുള്ള പ്രശ്നം പരിഹരിക്കപ്പെടേണം, സൗഖ്യമാക്കപ്പെടേണം. പരിശുദ്ധാത്മാവ് എനിക്ക് ശുദ്ധീകരണവും പൂർണ്ണതയും വരുത്താതെ എനിക്ക് ദൈവത്തിനുവേണ്ടി നന്നായി ശുശ്രൂഷിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ പരിശുദ്ധാത്മാവാകുന്ന എണ്ണ നമ്മെ അകത്തുനിന്ന് പുറത്തേക്കു സൗഖ്യമാക്കുന്നു.

എണ്ണ പരിശുദ്ധാത്മാവിന്റെ പ്രതീകം ആണെന്നു നമുക്കറിയാം. അഭിഷേകം വരുമ്പോൾ ഞാൻ ചെയ്യുന്ന കാര്യങ്ങൾ ഞാനൊറ്റക്കല്ല, എന്തു കൊണ്ട്? എന്റെ സ്പർശനത്താൽ ദൈവം സ്പർശിക്കാനാഗ്രഹിക്കുന്നു. എന്റെ സ്നേഹത്താൽ ദൈവം സ് നേഹിക്കാനാഗ്രഹിക്കുന്നു. എന്റെ സംഭാഷണത്തിലൂടെ സംഭാഷിക്കാൻ ആഗ്രഹിക്കുന്നു. എന്റെ കരുതലിനാൽ കരുതാൻ ആഗ്രഹിക്കുന്നു. എന്റെ പ്രദർശനത്താൽ ദൈവവും പ്രദർശിപ്പിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവാകുന്ന എണ്ണ എന്നിലേക്കു അധിവസിക്കുന്ന യേശുവിന്റെ സാന്നിദ്ധ്യത്തെ കൊണ്ടുവരുന്നു. അഭിഷേകം ദൈവത്തിന്റെ പ്രവർത്തി ചെയ്യുവാനുള്ള കഴിവിനെ കൊണ്ടുവരുന്നു. ദൈവം എന്നെക്കൊണ്ട് ചെയ്യുവാനാഗ്രഹിക്കുന്ന പ്രവർത്തി എന്റെ സ്വന്തശക്തികൊണ്ട് ചെയ്‌വാൻ സാദ്ധ്യമല്ല. എന്നാൽ ദൈവം പരിശുദ്ധാത്മാവിന്റെ അഭിഷേകം എന്നിൽ പകർന്നുതന്നു എന്നിലൂടെ ചിലത് പ്രവർത്തിക്കുന്നു. അത് തികച്ചും അവർണ്ണനീയം ആണ്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്താൽ യേശു എന്നിൽ വസിക്കുന്നു.



അടുത്തതായി പരിശുദ്ധാത്മാവ് അധികാരസ്ഥാനവുമായി ബന്ധപ്പെട്ടു നില്ക്കുന്നു. രാജാക്കന്മാരെയും, പുരോഹിതന്മാരെയും അവരുടെ അധികാരസ്ഥാനത്തേക്കു അവരോധിക്കുമ്പോൾ അഭിഷേകം ചെയ്താണ് ആക്കുന്നത്. ആ തൈലം അവരുടെ ദേഹംമുഴുവൻ ഒഴിക്കും. പരിശുദ്ധാത്മാവിന്റെ അഭിഷേകം നമ്മിലേക്കു വരുമ്പോൾ ഒരു അധികാരസ്ഥാനത്തേക്കു വേണ്ടി വേർതിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ അ ഭിഷേകം ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ സുഖാവസ്ഥ കൊണ്ടുവരുന്നു. ചില അവസരങ്ങളിൽ അക്ഷരാർത്ഥത്തിൽ നമ്മുടെ ശരീരത്തിൽ അവന്റെ സാന്ത്വനം അനുഭവിച്ചറിയുവാൻ സാധിക്കും. അപ്പോൾ നമ്മുടെ ശരീരവും അതിനനുസരിച്ച് പ്രതികരിക്കും. നാം അത് പ്രതീക്ഷിക്കേണം. എല്ലാറ്റിനും ഉപരി ദൈവം ആത്മാവാണ്, എന്നാൽ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവമാകുംവിധം വാസ്തവുവമാണ്. എന്നാൽ ഇതു മാത്രമല്ല പരിശുദ്ധാത്മ അഭിഷേകത്തിന്റെ ഉദ്ദേശം. അഭിഷേകം വരുമ്പോൾ അത് ശുദ്ധീകരണം, അകത്തുനിന്നും പുറത്തേക്കുള്ള സൗഖ്യം, ഞാൻ ഏകനല്ല എന്നുള്ള കർത്താവിന്റെ സാന്നിദ്ധ്യം, എന്നെ തന്റെ പ്രത്യേക ഉദ്ദേശത്തിനായി അടയാളം ഇട്ടു വേർതിരിച്ചിരിക്കുന്നു എന്നുള്ളതെല്ലാം കൊണ്ടുവരുന്നു. വിശുദ്ധീകരണം ചില പ്രത്യേകകാര്യം കൊണ്ടുവരുന്നു. അത് ജീവിതത്തിൽ സമാധാനം കൊണ്ടു വരുന്നു. നിങ്ങൾക്ക് വിശുദ്ധീകരണം ഇല്ലായെങ്കിൽ നിങ്ങൾക്ക് സമാധാനവും ഉണ്ടാകാൻ പോകുന്നില്ല. യെശയ്യാപ്രവചനം 61:1–3 വരെയുള്ള ഭാഗങ്ങളിലെ ദൂതിനെ 4 വാക്കുകളിൽ ഉൾക്കൊള്ളിക്കാം. വേദന (Pain), ശക്തി (Power), പ്രശ്നം (Problem), ആവേശം (Passion). ഇത് ഓരോന്നായി നമുക്ക് ചിന്തിക്കാം.

➡

വേദന (Pain) യെശ. 61:1–3: "എളിയവരോടു സദ്വർത്തമാനം അറിയിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറിവുകെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു; അവൻ മഹത്വീകരിക്കപ്പെടേണ്ടതിനു അവർക്കു നീതിവൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും'. യെശയ്യാവു പറയുന്നു: "യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു". നാലു തരത്തിലുള്ള വേദന ഈ ലോകത്തിലുണ്ടെന്ന് താൻ വിവക്ഷിക്കുന്നു. അതിന് വീണ്ടെടുക്കപ്പെട്ട സമൂഹത്തിന് 4 തരത്തിലുള്ള പ്രതികരണവും ഉണ്ടെന്ന് താൻ വ്യക്തമാക്കുന്നു. ഇതാണ് 4 തരത്തിലുള്ള വേദന. എളിയവർ (meek), ഹൃദയം നുറുങ്ങിയവർ (broken-hearted), തടവുകാർ (captive), ബദ്ധന്മാർ (bound).

പൊതുവേ പറഞ്ഞാൽ എളിയവർ എന്നതിന്റെ അർത്ഥം തങ്ങളിലുള്ള ബലത്തെ നിയന്ത്രിക്കുന്നവർ എന്നാണ്. ഇതിന് മറ്റുപല അർത്ഥങ്ങളും ഉണ്ട്. സംയമനം, ശാന്തത, പ്രതികരിക്കാത്തവൻ, പ്രതികാരമില്ലാത്തവൻ, മുറിപ്പെടുമ്പോൾ സഹനത്തോടെ ഇരിക്കുന്നവൻ, എന്നൊക്കെയാണ്. യേശു ഈ വാക്കു എടുത്തു ഉദ്ധരിക്കുമ്പോൾ ദരിദ്രൻ (Poor) എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ഈ രണ്ടു വാക്കുകളിൽ നിന്നും ഒരു സംശയവും ഇല്ലാതെ പറയാം ഇവർ പ്രയോജനം ലഭിക്കാത്തവർ, നിർഭാഗ്യവാന്മാർ, ജീവിത പ്രതിസന്ധികൾക്ക് നേരെ മല്ലടിക്കാൻ വേണ്ടതായ ഭൗതികമോ, മാനസ്സികമോ ആയ കഴിവില്ലാത്തവർ. ഇവ്വിധ പ്രശ്നങ്ങളിൽ ഒരുവൻ അകപ്പെടുമ്പോൾ ലോകത്തിന്റെ സമ്മർദ്ദം എല്ലാം സഹിച്ച് എളിയവനായി, സഹിക്കുന്നവനായി, ദരിദ്രൻ ഒക്കെയായി കഴിയും. ഇങ്ങനെയുള്ളവർ വളരെ സമ്മർദ്ദത്തിലാണ് ജീവിക്കുന്നത്. മറ്റുള്ളവർ അവരുടെ തലയിൽ കയറി നിരങ്ങുകയാണ്. എന്നിട്ടും അവർ സഹിക്കുന്നു. അവർക്കു ജോലിയില്ലായിരിക്കാം. അടുത്തമാസത്തെ ഫീസ്, ബിൽ എന്നിവ അടയ്ക്കണം. പക്ഷേ, അതിനൊന്നും വകയില്ല. അവർ അകമെ വ്രണപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ അവർ നാവിനെ അടക്കിവച്ച് അവരെത്തന്നെ സൂക്ഷിച്ച് എളിയവരായി, ദരിദ്രരായി കഴിയുന്നു.

രണ്ടാമത്തെ വാക്ക് ഹൃദയം നുറുങ്ങിയവർ (Broken -hearted): ഈ സമ്മർദ്ദങ്ങൾ എല്ലാം ഉള്ളിൽ ഒതുക്കി കുറച്ചുനാൾ കഴിയുമ്പോൾ അത് പുറത്തേക്ക് ബഹിർഗമിക്കാൻ നോക്കും. എന്നു പറഞ്ഞാൽ ഇനി സഹിക്കാൻ വയ്യാത്തസ്ഥിതി. ഒരിഞ്ച് മുന്നോട്ട് പോകാൻ വയ്യാത്ത സ്ഥിതി. ജീവിതപ്രശ്നങ്ങൾ അവർക്കുനേരെ ആഞ്ഞടിക്കുകയാണ്. അവർ സഹിച്ചു, ഇതിന്റെയെല്ലാം നടുവിൽ ക്രിസ്തുവിനെപ്പോലെ ജീവിക്കുവാൻ ശ്രമിച്ചു. പക്ഷേ അവരുടെ ഹൃദയം തകർന്നിരിക്കുന്നു. പ്രശ്നങ്ങൾ ദിവസേന അലട്ടുന്നു.

അടുത്തപദം തടവുകാർ. കുടുങ്ങിയ അവസ്ഥ. ഈ സാഹചര്യത്തിൽ നിന്ന് എങ്ങനെ മോചനം ലഭിക്കേണം എന്നവർക്കറിയില്ല. വിവാഹം നടക്കുന്നില്ല, കടഭാരത്താൽ കുടുങ്ങിയിരിക്കുന്നു, ജോലിയിൽ മുന്നേറ്റമില്ല, ദേഷ്യവും, കോപവും എല്ലാവിധത്തിലും ഒരു തടവറയ്ക്കകത്ത് അകപ്പെട്ട അനുഭവം. അവർ പറയുന്നു ഇതുപോലെ ഒരു പ്രശ്നത്തിൽ ഞാൻ മുന്നമേ അകപ്പെട്ടിട്ടില്ല. അവർ ചോദിക്കുന്നു എന്റെ കൗമാരപ്രായത്തിലുള്ള ഈ മകനെ കൊണ്ടു തോറ്റു. എന്റെ കെട്ടിക്കാറായ പെൺകുട്ടിയെകൊണ്ട് ഞാൻ എന്തു ചെയ്യും? മക്കളെ തുടർന്നു പഠിപ്പിക്കാൻ വകയില്ല. ഒരു വീട്ടിൽ സുഹൃത്തുക്കളെപ്പോലെ കഴിഞ്ഞവർ വനത്തിലുള്ള മൃഗങ്ങളെപ്പോലെ പെരുമാറുന്നു. ഒരുവൻ ചോദിക്കുന്നു എന്റെ രഹസ്യമായ മദ്യപാനം, അശ്ലീല ചിത്രങ്ങൾ കാണുന്നത് കൂടെ ആരും അറിയുന്നില്ല. എങ്ങനെ വിടുതൽ പ്രാപിക്കാം.

*(തുടരും...)*

## അച്ചടിപ്പിശകിൽ ഖേദിക്കുന്നു

◆ 2011 മാർച്ച് ലക്കം 23-ാമത്തെ പേജിലെ വാർത്തയിൽ "**മണ്ണാരക്കുളഞ്ഞി ദൈവസഭയുടെ ആദ്യ ഗഡുവായ രൂപാ 75,000**" എന്ന് ശരിയായി വായിക്കുമല്ലോ.

◆ അതിനു താഴെ ചേർത്തിരിക്കുന്നത് " **K.S.A. ഓവർസീയർ റവ. രാജൻ ശാമുവേലും കുടുംബവും**" എന്നു തിരുത്തി വായിക്കുവാനപേക്ഷ.

# ഇതോ സഭായോഗം?

**പാസ്റ്റർ എ. റ്റി. ജോസഫ്**

**നമ്മുടെ** സഭായോഗങ്ങൾ പലതും ആധുനിക തലമുറയ്ക്കെന്നല്ല, പ്രായമുള്ളവർക്കും ബോറൻ യോഗമായി തോന്നിത്തുടങ്ങിയോ? അതോ, അങ്ങനെ തോന്നാൻ തുടങ്ങിയിട്ട് കാലം കുറച്ചായോ? ആണെന്ന് വേണം പറയാൻ. അങ്ങനെയെങ്കിൽ കാരണക്കാർ ആരാണ്? കാരണങ്ങൾ എന്തൊക്കെയാണ്? സ്വയനിരീക്ഷണത്തിൽ നിന്നുംലഭിച്ച ചില യാഥാർത്ഥ്യങ്ങൾ കുറിക്കട്ടെ.

“സഭായോഗവും ആത്മീയ കൂട്ടായ്മകളും ദുഃഖമാണുണ്ണീ... കമ്മറ്റിയല്ലോ സുഖപ്രദം”. കാര്യങ്ങളുടെ കിടപ്പിങ്ങനെയാണ്. സഭായോഗം, മാസയോഗം, ഉപവാസപ്രാർത്ഥന, കാത്തിരിപ്പ്യോഗം തുടങ്ങിയവ കൂടാൻ ആളില്ല. എന്നാൽ ആലോചനായോഗം, കമ്മറ്റിയോഗം, ബിസിനസ്സ് മീറ്റിംഗ്,..... ഹൗസ്ഫുൾ-ഇരിക്കാൻ സ്ഥലമില്ല. കുറ്റവും കുറവും പറയാം, പറ്റുമെങ്കിൽ വഴക്കുണ്ടാക്കാം, കമന്റടിക്കാം, ജഢത്തിലാകാം.... പിന്നെ മേമ്പൊടിക്ക് പകുതിവെന്ത എണ്ണയ്ക്കാപ്പവും (ഏത്തയ്ക്കാപ്പം) വിത്ത് ഔട്ട് ചായയും. ഇതല്ലേ സ്ഥിതി. നാം ദുഃഖിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആലയം ശുചീകരിക്കേണ്ട നെഹമ്യാവുമാരും, വചനം പ്രസംഗിക്കുന്ന എസ്രാമാരും, നിലമറന്നാരാധിക്കുന്ന ദാവീദുമാരും, മുഖത്തുനോക്കി പ്രവചിക്കുന്ന നാഥാന്മാരും, പതിനൊന്ന് പേരെയും ഒപ്പം എഴുന്നേല്പിച്ച് ശുശ്രൂഷിക്കുന്ന പത്രോസുമാരും, വീട് വീടാന്തരം കയറിയിറങ്ങി പ്രവർത്തിക്കുന്ന പൗലോസുമാരും (അപ്പോ. പ്രവൃ. 20: 20), കാണാതെപോയതിനെ തിരഞ്ഞു ചെല്ലുന്ന ബർന്നബാസുമാരും നമുക്ക് അന്യംനിന്നു പോയിരിക്കുന്നു. ആരാധനാലയത്തിൽ നിന്ന് കുഷ്ഠരോഗിയായി ഇറങ്ങിപ്പോയ വല്യവല്യപ്പൻ, ആലയത്തിൽ പോകാതിരുന്ന വല്യപ്പൻ, ആലയം അടച്ചുപൂട്ടിയ അപ്പൻ, എന്നാൽ ഒരു യെഹിസ്ക്കിയാവ് എഴുന്നേറ്റു, ആലയം തുറന്നു, അറ്റകുറ്റം തീർത്തു (2 ദിന. 29:3). സകല ആരാധനാക്രമങ്ങളെയും തെറ്റിക്കുന്ന അപ്പൻമാരുടെ ഇടയിൽ നിന്ന് ആരാധന ക്രമത്തിലാക്കാൻ ഒരു മകൻ രംഗത്തുവന്നതുപോലെ, ഇന്നത്തെ തലമുറകൾ പുറകിൽ വന്നിരുന്ന് സഭായോഗത്തിന്റെ, പകുതിയിൽ ഇറങ്ങിപ്പോകാനല്ല ദൈവത്തിന്റെ വിളിയെ ശ്രദ്ധിച്ച് മുന്നിട്ടിറങ്ങണം.

സഭായോഗം എന്നാൽ എന്ത്? പ്രത്യേകമായി എഴുതപ്പെട്ടക്രമം നമ്മുടെ സഭായോഗത്തിന് ഇല്ലെങ്കിലും സണ്ടേസ്ക്കൂൾ വിദ്യാർത്ഥികൾ മുതൽ എല്ലാവർക്കും അറിയാം ഇതെന്താണെന്ന്. ആദ്യം പാസ്റ്റർ പ്രാർത്ഥിക്കും. പിന്നെ പാടും, ഒന്നുകൂടെ പാടും, എന്നിട്ടും ആത്മാവിലാകാത്തവർക്കു വേണ്ടിയും താമസിച്ചുവരുന്ന ചില ‘യെരുശലേം പുത്രിമാർക്കു’വേണ്ടിയും (മുഖത്തെ കരിയും ദേഹത്തെ ചെളിയും കളഞ്ഞ് മേക്കപ്പിട്ട് താമസിച്ച് വരുന്നവരുണ്ടല്ലോ) മൂന്നാമത്തെ പാട്ടും പാടി ആത്മാവിലാരാധിക്കും. അപ്പോഴേക്കും ചിന്നമ്മയും അന്നമ്മയും തെയ്യാമ്മയും ജോർജ്ജുകുട്ടിയും ഹാളിലെത്തും. പിന്നെ മൂന്നു പേര് പ്രാർത്ഥിക്കും. അതും കരാറെടുത്തവരുണ്ട്. ഈ സമയത്ത് വൈ.പി.ഇ. സെക്രട്ടറിമാർ റിപ്പോർട്ടെഴുതും, അച്ചായന്മാർ പ്രബോധനവാക്യം കണ്ടു പിടിക്കും, അമ്മച്ചിമാർ സന്തോഷിപ്പിച്ച വാക്യം തിരയും, അങ്ങനെ ആ നാഴിക കഴിഞ്ഞാൽ പിന്നെ സങ്കീർത്തന വായനയായി, പ്രസംഗമായി. എല്ലാ ആഴ്ചയിലും ദാവീദിനെ കേട്ട് മടുത്തു. ദാവീദും ഗോല്യാത്തും ഒരാഴ്ച, അടുത്തയാഴ്ച ശൗലും ദാവീദും, പിന്നത്തെയാഴ്ച ദാവീദ് കാട്ടാട്ടിൻ പാറയിൽ. ചിലർ ഇതാണെങ്കിൽ വേറെചിലരുടെ വിഷയം, പത്രവാർത്തകൾ, ടി.വി. വാർത്തകൾ എവിടെയെങ്കിലും ഭൂകമ്പമുണ്ടായാൽ സഭായോഗത്തിൽ ഭൂകമ്പം, സുനാമിയുണ്ടായാൽ യോഗത്തിലും സുനാമി. ചിലരുടെ പ്രസംഗം കേട്ടാൽ ദൂരദർശന്റെ ഏജന്റുമാരാണിവരെന്ന് തോന്നിപ്പോകും (ക്ഷമിക്കുക).



ഇതുകഴിഞ്ഞ് സാക്ഷികളുടെ ഇത്ര വലിയ സമൂഹം വരവായി. ഈ സമയത്താണ് ചിലർ പ്രാഥമിക കാര്യങ്ങൾപോലും നിർവ്വഹിക്കുന്നത്. ഉറങ്ങുന്നതും, കുട്ടികൾ പായിളക്കുന്നതും കൗമാരക്കാർ മെസേജ് അയയ്ക്കുന്നതും, പലരും വിശേഷങ്ങൾ കൈമാറുന്നതും ഈ ഇടവേളിയിലാണ്. അതുകഴിഞ്ഞൊരു സ്തോത്രകാഴ്ച. അതും ഇസ്ക്കാനാഗ്രഹിക്കുന്ന ചിലർ മൊബൈലുംകൊണ്ട് പുറത്തിറങ്ങും. അനൗൺസ്മെന്റും കഴിഞ്ഞ് പത്തുമിനിറ്റുകൂടെ എന്തെങ്കിലും പറഞ്ഞ് ആശീർവാദം.

ഇതല്ലേ ഇന്നത്തെ സഭായോഗം? ഇതാണോ സഭായോഗം? ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ നാം കൂടിവന്നാൽ, അത് അനുഗ്രഹമാണ്. അതല്ലെങ്കിൽ നാം മടുക്കുക മാത്രമല്ല നമ്മുടെ തലമുറയും മടുത്ത് പിന്മാറും. യൂറോപ്പും, അമേരിക്കയും ഇവിടെ ആവർത്തിക്കും, അത് വരാതിരിക്കട്ടെ.

*(തുടരും...)* ●

# നാം ലോകത്തെ ചലിപ്പിക്കേണ്ടവർ

പാസ്റ്റർ ബിനു പി. ജോർജ്ജ് , ഒഴുവൻപാറ

**ഈ ലോകത്തിൽ** ചലിക്കാത്തവർ, ചലിക്കുന്നവർ, ചലിപ്പിക്കുന്നവർ, എന്നിങ്ങനെ വിവിധതരം ആൾക്കാർ ഉണ്ട് എന്ന് വായിച്ചിട്ടുണ്ട്. ഒരു ദൈവപൈതൽ ഈ മൂന്നിൽ നിന്നും വ്യത്യസ്ഥനാണ്. അവൻ ആത്മാവിൽ ചലിക്കയും ലോകത്തെ ചലിപ്പിക്കുകയും ചെയ്യേണ്ടുന്നവനാണ്. ഈ ലോകത്തി ൽ അവർ ഭൂമിയുടെ ഉപ്പാണ്. ഉപ്പ് വസ്തുക്കളെ കേടുകൂടാതെ സൂക്ഷിക്കുന്നതുപോലെ അവർ ഭൂമിയുടെ സംരക്ഷകരാണ്. ദൈവസഭയെ എതിർ ക്കുന്ന പലരും അറിഞ്ഞിരിക്കേണ്ട ഒരു വസ്തുത ഇവിടെ ദൈവസഭയുള്ളതുകൊണ്ടാണ് ഈ ഭൂമി കേടുകൂടാതെ ഇരിക്കുന്നത് എന്നതാണ്. സഭ ഭൂമിയിൽ നിന്ന് എടുക്കപ്പെട്ടാൽ ഭൂമിയുടെമേൽ ഭയാനകമായ ന്യായവിധിവരുമെന്ന് വെളിപ്പാട് പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

നാം ഈ ലോകത്തിൽ ജീവിക്കുന്നവരെങ്കിലും ലോകക്കാരെപ്പോലെ ജീവിക്കേണ്ടവരല്ല. ലോകം നമ്മിൽ കയറുവാൻ നാം അനുവദിക്കരുത്. വള്ളത്തിന് എത്രനാൾ വേണമെങ്കിലും വെള്ളത്തിലൂടെ മുമ്പോട്ട് പോകുവാൻ കഴിയും. പക്ഷേ വെള്ളം വള്ളത്തിൽ കയറിയാലോ മുങ്ങുകതന്നെ ചെയ്യും; ലക്ഷ്യസ്ഥാനത്ത് എത്തുകയില്ല. പൗലോസിന്റെ ചിന്തയിൽ നാം ഈ ലോകത്തിൽ ലോകത്തെ അ നുഭവിക്കാത്തവരെപ്പോലെ ജീവിക്കണമെന്നതായിരുന്നു. കാരണം കാലം ഇനി അധികമില്ല. ലോകത്തിന്റെ ചിന്ത ഇതിൽ നിന്നും വിഭിന്നമാണ്. തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ ചാകുമല്ലോ? ലോകത്തെ ആസ്വദിക്കുക; ഇതത്രേ ലോകം പഠിപ്പിക്കുന്നത്. ഇതിനെ നാം അംഗീകരിക്കുന്നില്ലെങ്കിലും ഇതിൽ ചിന്തനീയമായ ഒരു കാര്യമുള്ളത് ചത്തുകഴിഞ്ഞാലുള്ള കാര്യങ്ങൾ അവർക്കറിയില്ലെങ്കിലും നാളെ ചാകുമല്ലോ എന്ന ചിന്തയെങ്കിലും അ വർക്കുണ്ട് എന്നതാണ്. എങ്ങനെയാണ് നമ്മുടെ പോക്ക്? നാം ചാകുമെന്ന് ചിന്തിക്കുന്നതുപോലുമില്ല എന്നതാണ് ദുഃഖകരം. തെളിവ് നമ്മുടെ ജീവിതം തന്നെ അങ്ങനെ പറയുന്നില്ലേ. നിത്യതയെക്കുറിച്ച് നമുക്ക് അറിയാമെങ്കിലും അതിനെ ഗൗരവ്വമായി നാം എടുക്കുന്നില്ല. എല്ലാം എന്റേതെന്നും, ഞാൻ ഇവിടെ സ്ഥിരമായി കാണും എന്ന ചിന്തയിലല്ലേ നാമൊക്കെ ഇന്നു ജീവിക്കുന്നത് എന്ന് തോ ന്നിപ്പോകുന്നു. മറ്റുള്ളവരോട് നിങ്ങൾ മരിക്കും എന്ന് പറയുമെങ്കിലും ഞാൻ മരിക്കും എന്ന് പറയുവാൻ നമുക്ക് ഇഷ്ടമല്ല. സങ്കീർത്തനക്കാരൻ 90-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നത് ചിന്തനീയമാണ്. അത് "ഞങ്ങൾ ജ്ഞാനമുള്ളൊരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ" എന്നാണ്. എന്താണ് നാളുകളെഎണ്ണുക എന്നു പറഞ്ഞാൽ? കഴിഞ്ഞുപോയ വർഷങ്ങളിലെ ദിനങ്ങളെയോ, വരുവാനുള്ള ദിനങ്ങളോ എണ്ണി എണ്ണി ജീവിക്കുക എന്നതല്ല മറിച്ച് ഇന്ന് ജീവിതത്തിന്റെ അവസാനദിനമെന്ന ബോധ്യത്തിൽ ജീവിക്കുക എന്നതാണ്. ഒരു സുവിശേഷകനെ സംബന്ധിച്ച് തന്റെ പ്രസംഗം അവസാനപ്രസംഗം എന്ന മട്ടിൽ പ്രസംഗിക്കേണ്ടതാണ്. അതിൽ നിത്യതയുടെ സന്ദേശമുണ്ടായിരിക്കേണം. അത് ക്രിസ്തു കേന്ദ്രീകൃതമായിരിക്കേണം.

ഈ ലോകത്തിൽ എങ്ങനെയെങ്കിലും വലിയവനാകുക എന്ന പ്രലോഭനം ഇവിടെ നമുക്ക് നേരിടേണ്ടതായി വരും. ദൈവസേവയിൽ ആയിരിക്കുന്ന ആറാറ് ചിറകുള്ള സാറാഫുകൾ രണ്ട് ചിറക് കൊണ്ട് മുഖം മൂടി, രണ്ട് കൊണ്ട് പാദം മൂടി, രണ്ട്കൊണ്ട് പറന്നാണ് ദൈവത്തെ ആരാധിക്കുന്നത്. സാറാഫുകളുടെ സ്ഥാനത്ത് നാം ആയിരുന്നെങ്കിൽ ആറുചിറകും തല്ലി പറന്നേനേം എന്ന് ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്. കാരണം നമുക്ക് എല്ലാവരെയും കടത്തിവെട്ടി ഉയരത്തിൽ എത്തണം. അതിനായി ഏതു മാർഗ്ഗം ഉപയോഗിക്കാനും മടിയില്ല. ഇടിമക്കൾ അതിനൊരു ഉദാഹരണമാണ്. അവർക്ക് യേശുവിന്റെ രാജ്യത്തിൽ ഒരുത്തന് ഇടത്തും മറ്റൊരുത്തന് വലത്തും ഇരിക്കേണം. മറ്റു പത്തുപേരും അവർക്ക് വിഷയമല്ലായിരുന്നു. ഞങ്ങൾ മാത്രം അവിടെ ഇരിക്കേണം. യേശുവിന്റെ രാജ്യത്തിന്റെ പ്രത്യേകത അവർ അറിയാതെ പോയി. യേശുവിന്റെ രാജ്യത്തിൽ മനുഷ്യർ വലുതായി ലോകത്തിൽ കാണുന്ന പലതിനും വിലയില്ലാത്തതിനാൽ യേശു അവരുടെ ചിന്തയെ ശാസിച്ചു. എന്നിട്ട് യേശു പറഞ്ഞത് ആർക്ക് അത് ഒരുക്കിയിരിക്കുന്നോ അ വർക്ക് കിട്ടും എന്നായിരുന്നു. അർത്ഥാൽ ആര് അതിനായി തങ്ങളെത്തന്നെ ഒരുക്കുന്നുവോ അവർ ക്കുകിട്ടും എന്നാണ്. അതിനുള്ള യോഗ്യത പിന്നീട് യേശു പറഞ്ഞത് ദാസനാകുക എന്നത്രേ. നമുക്ക് ഇവിടെ എത്ര ദാസന്മാരുണ്ട് എന്നല്ല, മറിച്ച് നാം എത്രപേരുടെ ദാസന്മാർ, ശുശ്രൂഷകന്മാർ എ ന്നതാണ് പ്രധാനം. നമുക്ക് ഗുരുവിനെപ്പോലെ ശു ശ്രൂഷിക്കുന്നവരാകാം.

നമുക്ക് ഈ ലോകത്തിൽ നിന്നുകൊണ്ട് ലോ കത്തെ ചലിപ്പിക്കാൻ കഴിയുകയില്ല. നമ്മുടെ പ്രശ്നം ഇവിടെയാണ്. നമുക്ക് ലോകം അനുഭവിക്കേണം കർത്താവും വേണം. നാം ലോകത്തിൽനിന്നും പുറത്തുവരണം. വേർപാട് എന്നത് മലിനമാകാതെയുള്ള സമ്പർക്കമാണ്. അത് ➡

# കുവൈറ്റിൽ ചർച്ച് ഓഫ് ഗോഡ് സഭകൾക്ക് റീജിയൻ



**പാസ്റ്റർ തോമസ് മാത്യു സി.**



**മാത്യു ഡാനിയേൽ**



**സണ്ണി ജോർജ്ജ്**

ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് (പാസ്റ്റർ ടി. എം. മാമ്മച്ചൻ), കുവൈറ്റ് ചർച്ച് ഓഫ് ഗോഡ് (പാസ്റ്റർ തോമസ് മാത്യൂ. സി), അഹമ്മദി ചർച്ച് ഓഫ് ഗോഡ് (പാസ്റ്റർ ജോൺസൺ ജോർജ്ജ്) എന്നീ 3 ദൈവസഭകൾ ചേർന്നുള്ള റീജിയൻ നിലവിൽ വന്നു.

സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ അദ്ധ്യക്ഷതയിൽ 2010 നവംബറിൽ റീജിയൻ രൂപീകരിക്കുകയും പ്രസിഡണ്ടായി പാസ്റ്റർ തോമസ് മാത്യു. സി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു. 09. 02. 2011 ന് നടന്ന ആദ്യ റീജിയൻ കമ്മറ്റിയിൽവെച്ചു ബ്രദേഴ്സ് മാത്യു ഡാനിയേൽ സെക്രട്ടറിയായും, സണ്ണി ജോർജ്ജ് ട്രഷറാർ ആയും തെരഞ്ഞെടുക്കപ്പെട്ടു.

മറ്റു ഭാരവാഹികൾ : പാസ്റ്റർ ജോൺസൺ ജോർജ്ജ് (വൈസ് പ്രസിഡണ്ട്), ബ്രദർ സാംകുട്ടി സാമുവേൽ (ജോ. സെക്രട്ടറി), ബ്രദർ സണ്ണി ആൻഡ്രൂസ് (ജോ. ട്രഷറാർ), ബ്രദർ സജി കെ. ജെ. (പബ്ലിസിറ്റി കോർഡിനേറ്റർ).

കമ്മറ്റി അംഗങ്ങൾ : പാസ്റ്റർ ടി. എം. മാമ്മച്ചൻ, ബ്രദേഴ്സ് മാത്യൂസ് ജോർജ്ജ്, അനിൽ വർഗ്ഗീസ്, ചാക്കോ മത്തായി, എം. ടി. ഏബ്രഹാം, രാജൻ പീറ്റർ, വർക്കി പി. ചാക്കോ, റെജി ബേബിസൺ മാത്യൂസ്.

രണ്ടു വർഷം കാലാവധിയുള്ള റീജിയൻ കമ്മറ്റിയുടെ നേതൃത്വത്തിൽ സംയുക്തമായി വിവിധ പ്രോഗ്രാമുകൾ നടത്തുന്നതാണ്.

➡

ലോകം വിട്ടുപോകലല്ല. ലോകം വച്ചുനീട്ടുന്നത് ഇരു കൈയ്യും നീട്ടി സ്വീകരിക്കരുത്. ചതി തിരിച്ചറിയണം. നമുക്ക് കൈയ്യടി കിട്ടുമ്പോൾ, നാലാൾ നമ്മെ പൊക്കി പ്പറയുമ്പോൾ നാം വളരെ സൂക്ഷിക്കേണം. ആദ്യമായി ഭവനസന്ദർശനത്തിന് പോയി വിജയകരമായി മടങ്ങി എത്തിയ കൊതുകിൻ കുഞ്ഞിനോട് അമ്മ ചോദിച്ചു: മോനേ എങ്ങനെയുണ്ടായിരുന്നു; നിനക്കിപ്പോൾ എന്തു തോന്നുന്നു. കുഞ്ഞു പറഞ്ഞു അമ്മേ ഞാൻ പോരുവോളം എല്ലാവരും എനിക്കുവേണ്ടി കൈയ്യടിക്കുകയായിരുന്നു. കുഞ്ഞ് വിചാരിച്ചത് അത്രയ്ക്ക് തന്നെ എല്ലാവരും ഇഷ്ടപ്പെട്ടതുകൊണ്ട് പ്രോത്സാഹിപ്പിക്കാനായ് കൈയ്യടിച്ചു എന്നായിരുന്നു. അമ്മ പറഞ്ഞു മോനെ അത് അംഗീകരിച്ചുകൊണ്ടല്ല മറിച്ച് നിന്നെ അപായപ്പെടുത്താനുള്ള ശ്രമം ആ കൈയ്യടിയുടെ പിന്നിലുണ്ട് എന്നാണ്. നമ്മെ കാണുമ്പോൾ ചിരിക്കുകയും നാം നല്ലതെന്ന് പറയുകയും ഒക്കെ ചെയ്യുന്നവർ നമ്മുടെ അസാന്നിദ്ധ്യത്തിൽ നമ്മെ തള്ളിപ്പറയുന്നവരാകാം എന്ന് നാം അറിഞ്ഞിരിക്കണം.

ലോകത്തിൽ നിന്നുകൊണ്ട് ലോകത്തെ ചലിപ്പിക്കുവാൻ ശ്രമിക്കുന്നതാണ് ഇവിടെ സഭയുടെ ദൗത്യം പരാജയപ്പെടാൻ കാരണം. ലോകത്തിന് കണ്ടുപഠിക്കാൻ കാര്യമായതു ഒന്നും നമ്മിൽ ഇല്ലാതെ പോകുന്നു. പ്രസംഗം ശരവേഗത്തിലും ജീവിതം കാളവണ്ടി കണക്കും. ജീവിതം ശരിയായി ല്ലെങ്കിലെന്താ ഉപദേശം ശരിയല്ലേ എന്നാണ് നമ്മുടെ ചോദ്യം. ഉപദേശത്തൊടൊപ്പം ജീവിതവും ശരിയാക്കി നമുക്ക് ഈ ലോകത്തെ ആത്മാവിനാൽ ചലിപ്പിക്കുന്നവരാകാം. ★

# മറ്റൊരു സൂര്യനും ഗ്രഹങ്ങളും

പാസ്റ്റർ ഈപ്പച്ചൻ തോമസ്, തിരുവനന്തപുരം

**സൗ**രയൂഥംപോലെ ഒരു നക്ഷത്രവും അതിനെ വലയം ചെയ്യുന്ന ഗ്രഹങ്ങളും 2000 പ്രകാശവർഷം അകലെ കാലിഫോർണിയ സർവ്വകലാശാലയിലെ ഗവേഷകർ കണ്ടെത്തി. (ഒരു പ്രകാശവർഷം എന്നത് ഒരു സെക്കന്റിൽ ഒരു ലക്ഷത്തി എൺപത്തി ആറായിരം മൈൽ വേഗത്തിൽ ഒരു വർഷം കൊണ്ട് പ്രകാശം സഞ്ചരിക്കുന്ന ദൂരമാണ്). ബഹിരാകാശം നിരന്തരം നിരീക്ഷിക്കുന്ന "കെപ്ലാർ" എന്ന ദൂരദർശിനിയാണ് ഇത് കണ്ടെത്തിയത്. ഏത് ദൂരദർശിനി ആണോ ഒരു പുതിയ ഗ്രഹത്തെ കണ്ടെത്തുന്നത്, ആ ദൂരദർശിനിയുടെ പേരിനോടും അതിന്റെ എത്രാമത്തെ കണ്ടുപിടിത്തമാണെന്ന സംഖ്യയോടും ചേർത്തുകൊണ്ടാവും പലപ്പോഴും ഗ്രഹത്തിന് പേരു നല്കുക. അങ്ങനെ പുതിയഗ്രഹത്തിന്റെ പേര് "കെപ്ലാർ 10 ബി" എന്നായി. എട്ടു മാസത്തെ തുടർച്ചയായ നിരീക്ഷണത്തിനു ശേഷമാണ് ഇതിന്റെ അസ്തിത്വം നാസ സ്ഥിരീകരിച്ചത്.

സൗരയൂഥത്തിനു പുറത്തു നിരവധി ഗ്രഹങ്ങളെ കണ്ടെത്തിയിട്ടുണ്ടെങ്കിലും ഭൂമിയെപ്പോലെ തറയുറപ്പുള്ള ഒന്നു കണ്ടെത്തുന്നത് ആദ്യമാണ്. ഭൂമിയെക്കാൾ 2.3 മുതൽ 13.5 മടങ്ങ് വരെ പിണ്ഡമുള്ള ആറ് ഗ്രഹങ്ങളാണ് ഇതിനുള്ളത്. എന്നാൽ നക്ഷത്രത്തോട് വളരെ അടുത്ത് സ്ഥിതി ചെയ്യുകയും അതിവേഗം ചലിച്ച് ഇരുപതു മണിക്കൂർ കൊണ്ട് ഭ്രമണം പൂർത്തിയാക്കുകയും ചെയ്യുന്ന ഈ ഗ്രഹം 'ജീവയോഗ്യമേഖലയിൽ' (Habitable zone) അല്ല.

പതിനാറാം നൂറ്റാണ്ടിന്റെ അവസാനം ജിയോർഡാനോ-ബ്രൂണോ എന്ന ചിന്തകൻ പ്രപഞ്ചത്തിൽ സുര്യേതരഗ്രഹങ്ങളും അവയിൽ ചിലതിൽ ജീവനും കണ്ടേക്കാം എന്നു പറഞ്ഞുപ്പോൾ അന്നത്തെ മതമേധാവിത്വം പ്രകോപിതമാവുകയും അദ്ദേഹത്തെ ജീവനോടെ ചുട്ടുകൊല്ലുകയും ചെയ്തു. പിന്നീട് നക്ഷത്രങ്ങളെക്കുറിച്ച് ശ്രദ്ധിച്ച് പഠിച്ചത് ഗലീലിയോ ആണ്. എന്നാൽ പ്രപഞ്ച സംബന്ധമായ കാരണങ്ങളാൽ താനും കുറ്റവിചാരണയ്ക്കു വിധേയനായി എന്നതു മറ്റൊരു ചരിത്രം.

വിശ്വാസികളുടെ പിതാവായ അബ്രഹാമിനോടുള്ള ദൈവീക വാഗ്ദത്തമാണ് എണ്ണിതിട്ടപ്പെടുത്തുവാൻ കഴിയാത്ത നക്ഷത്രതുല്യമായ സന്തതി (ഉല്പ. 15:5, 22:17). ആത്മീകസന്തതി ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുമ്പോൾ ജഡീകസന്തതി കടൽപുറത്തെ മണൽത്തരിപ്പോലെ പെരുകുന്നു. ദൈവം നക്ഷത്രങ്ങളുടെ എണ്ണം നോക്കുകയും അവയ്ക്കെല്ലാം പേരിടുകയും ചെയ്യുന്നു എന്നു തിരുവചനം പറയുന്നു (സങ്കീ. 147:4; ഇയ്യോബ് 38:31; 32:8-9). ധ്രുവനക്ഷത്രം ഉത്തരധ്രുവത്തിന് നേരെ മുകളിൽ കാണുന്നു. ഇത് നാവികർക്ക് വഴി കാട്ടിയാണ്. നക്ഷത്രത്തിൽ 25% നക്ഷത്രങ്ങൾ ഒറ്റ തിരിഞ്ഞ് കാണപ്പെടുന്നു. 33% ദ്വന്ദനക്ഷത്രങ്ങളാണ്. ഓരോ ഗണത്തിനും ഓരോ പേരുണ്ട്. ദൈവത്തിന്റെ കരവിരുത് ആർക്കു വർണ്ണിക്കാം.

**മനുഷ്യശരീരമാകുന്ന സൗരയൂഥം!**

മനുഷ്യൻ വിലയേറിയതായി കാണുന്ന രത്നങ്ങളെക്കാൾ അവൻ ഒട്ടും വില കല്പിക്കാത്ത മൺപൊടികൊണ്ട് ദൈവം ഉണ്ടാക്കിയ മനുഷ്യന്റെ ശരീരം കോടാനുകോടി-അനന്തമായ-കോശങ്ങളാൽ നിർമ്മിതമാണ്. ഈ കോശങ്ങളുടെ എണ്ണം ആർക്കും എണ്ണിത്തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല. മനുഷ്യശരീരം കരി, നൈട്രജൻ, ഓക്സിജൻ, ഇരുമ്പ്, സോഡിയം, പൊട്ടാസിയം, എന്നിവയാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്നു അപഗ്രഥനത്തിൽ തെളിയിക്കാൻ കഴിയും. എന്നാൽ ഈ വസ്തുക്കളെകൊണ്ട് ശാസ്ത്രലോകത്തിന് ഒരു ജീവൻ പോയിട്ട് ഒരു കോശംപോലും സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല. ഓരോ കോശത്തിലും അനന്തമായ അനേകം രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ട്. ജൈവകോശങ്ങളിലുള്ള അതിപ്രധാനമായ ഒരു ഉത്തേജക വസ്തുവാണ് 'എൻസൈം' എന്നത്. ഒരു എൻസൈം അഥവാ മാംസതന്മാത്ര (പ്രോട്ടീൻ) അതിന്റെ ഘടകങ്ങളായ അനേകം അമിനോഅമ്ലങ്ങൾ കോർത്തുണ്ടായതാണ്. ഓരോ അമിനോഅമ്ലത്തിലും കാർബൺ, ഹൈഡ്രജൻ, നൈട്രജൻ, ഓക്സിജൻ ഇവയുടെ പരമാണുക്കൾ ഉണ്ട്.

ഈ പരമാണുവിന്റെ ഘടനയെ സൗരയൂഥത്തിന്റെ ഘടനയുമായി ഉപമിക്കുകയാണെങ്കിൽ ന്യൂക്ലിയസിനെ സൂര്യനോടും ഇലക്ട്രോണുകളെ അതിനുചുറ്റും തിരിഞ്ഞു കൊണ്ടിരിക്കുന്ന ഗ്രഹങ്ങളോ ➡

ടും ഉപഗ്രഹങ്ങളോടും ഏകദേശമായി ഉപമിക്കാം. അങ്ങനെ ചിന്തിച്ചാൽ ഒരു പരമാണു എന്നതു ലഘുരൂപത്തിലുള്ള ഒരു സൗരയൂഥം തന്നെയാകുന്നു. അത്തരം പല സൗരയൂഥങ്ങൾ ചേർന്നിട്ടുണ്ട് ഓരോ അമിനോഅമ്ലത്തിലും ഓരോ എൻസൈം തന്മാത്രയിലും ചുരുക്കിപറഞ്ഞാൽ മനുഷ്യശരീരം തന്നെ ഒരു ഗാലക്സി പ്രപഞ്ചമാണ്. അതുകൊണ്ടാണല്ലോ ദാവീദ് പറഞ്ഞത്; "നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്; എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു; ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു (സങ്കീ. 139: 13-14). അതെ അത്ഭുതകരമായി നമ്മെ സൃഷ്ടിച്ച ദൈവത്തിന് എങ്ങനെ സ്തോത്രം ചെയ്യാതിരിക്കും!

മനുഷ്യൻ ഇന്നു ചന്ദ്രനിൽ താമസം ഉറപ്പിക്കുവാൻ വെമ്പൽ കൊള്ളുന്നു. ലോകരാഷ്ട്രങ്ങൾ പലതും ചന്ദ്രനിൽ സ്ഥലം തങ്ങളുടെ പേരിൽകൂട്ടിക്കഴിഞ്ഞിരിക്കുന്നു. ഒരു വശത്തു ലോകം, ജനസംഖ്യ പെരുകുന്നതിൽ ഭയപ്പെടുന്നു. മറുവശത്ത് പുതിയ ഗ്രഹങ്ങൾ ആവിർഭവിക്കുന്നു. മനുഷ്യന്റെ പദ്ധതിയല്ല ദൈവത്തിന്റെ പദ്ധതി. മനുഷ്യൻ നക്ഷത്രങ്ങളുടെ ഇടയിൽ കൂടുകൂട്ടിയാലും ദൈവം അവനെ താഴെയിറക്കും. ഇനിയും പലഗ്രഹങ്ങളും സൂര്യനും ഒക്കെ പ്രപഞ്ചത്തിൽ പ്രത്യക്ഷപെട്ടെന്നു വരാം. ഇതെല്ലാം അന്ത്യകാല ലക്ഷണങ്ങൾ ആണ്. ഈ ലോകസൂര്യൻ ഇരുളാകാൻ പോകുന്നു (മത്താ. 24:29,30; ലൂക്കോ. 27:26-28). എന്തുകൊണ്ടെന്നാൽ യഥാർത്ഥ സൂര്യൻ പ്രത്യക്ഷപ്പെടാൻ സമയം ആയിരിക്കുന്നു. ആയിരം ആണ്ടു വാഴ്ചയിൽ സൂര്യന്റെ തേജസ്സ് ഏഴ് മടങ്ങായി വർദ്ധിക്കും. പുതുവാനഭൂമിയുടെ വർണ്ണന വെളി. 21- ാം അദ്ധ്യായത്തിൽ നൽകീട്ടുണ്ട്. എന്നാൽ ഇന്നു അനേകരും ഈ ലോകത്തിൽ അല്പം സ്ഥാനമാനങ്ങൾക്കുവേണ്ടി, സ്വല്പം ധനത്തിനുവേണ്ടി, മാറിപ്പോകുന്ന ഈ മണ്ണിനുവേണ്ടിയൊക്കെ രാപ്പകലില്ലാതെ ബദ്ധപ്പെടുകയാണ്. എന്നാൽ ദൈവജനമേ ഓർക്കുക; ഈ ഗോളങ്ങളെയെല്ലാം താണ്ടി നാം എത്തേണ്ട സ്ഥാനത്ത് എത്തുവാൻ നാളുകളിനി അധികമില്ല. ആകയാൽ അതിനായി നമുക്കു ഒരുങ്ങാം. അരുമനാഥനെ എതിരേല്പാൻ നിവർന്നു തലഉയർത്താം. യഥാർത്ഥ മറ്റൊരു സൂര്യൻ ആത്മമണവാളനായ ക്രിസ്തുവും ഗ്രഹങ്ങൾ അവന്റെ സഭയാം കാന്തയും ആകുന്നു (മലാഖി. 4:2; ദാനി. 12:3). ◆

## മദ്യവിരുദ്ധ സന്ദേശയാത്ര



ഇൻഡ്യാ ദൈവസഭ കരുനാഗപ്പള്ളി ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ 26-01-2011 ൽ നടത്തിയ മദ്യവിരുദ്ധസുവിശേഷ സന്ദേശയാത്രയോടനുബന്ധിച്ച് കൊല്ലം ജില്ലയുടെ വിവിധസ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയുമുണ്ടായി.

ഡിസ്ട്രിക്റ്റിലുള്ള കർത്തൃദാസന്മാരും വിശ്വാസികളും പങ്കെടുത്തു. ഡിസ്ട്രിക്റ്റ് പാസ്റ്റർ എം. എൽ. ജോർജ്ജുകുട്ടി, ഗോസ്പൽ ടീം സെക്രട്ടറി പാസ്റ്റർ സി. ഒ. ജോസഫ് തുടങ്ങിയവർ നേതൃത്വം നല്കി.

## യാത്രയയപ്പു നല്കി



വൈ.പി.ഇ. സ്റ്റേറ്റ് ബോർഡു മെമ്പറായും മറ്റു വിവിധ നിലകളിലും യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന **ബ്രദർ ദാനിയേൽ ഈപ്പച്ചൻ** ജോലിയോടുള്ള ബന്ധത്തിൽ സൗദി അറേബ്യയിലേക്കു പോയി. അതിനോടനുബന്ധിച്ച് നൽകിയ യാത്രയയപ്പിൽ, വിദേശത്തായിരിക്കുമ്പോഴും കർത്താവിനുവേണ്ടി പ്രയോജനപ്പെടുവാൻ അദ്ദേഹത്തിനു സംഗതിയാകട്ടെ എന്നു വൈ.പി.ഇ. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വൈ. റെജി ആശംസിച്ചു.

# സഭയുടെ അഞ്ചു വാസസ്ഥലങ്ങൾ

ലിസ്സിയമ്മ മാത്യൂസ്, മുളക്കുഴ

**ദൈവത്തിന്റെ** സഭ ഒരു മർമ്മമാണ്. ഇന്ന് ലോകത്തിൽ കാതോലിക്കവും അപ്പോസ്തലിക വുമെന്ന് അഭിമാനിക്കുന്ന കത്തോലിക്കാ, യാക്കോബായാ, മാർത്തോമ്മാ, ലൂഥറൻ, പെന്തക്കോസ്തു സഭകളെ ഒന്നുമല്ല ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന സഭയെന്ന് വിവക്ഷിക്കുന്നത്. യേശുക്രിസ്തുവിന്റെ നിർദോഷവും നിഷ്കളങ്കവുമായ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരുടെ കൂട്ടമാണ് സഭ. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (അപ്പോ. പ്രവൃ. 2:47). ഈ സഭ ഇന്ന് കളയും കതിരും, പതിരും കതിരും എല്ലാംകൂടി ഒരുമിച്ചു വളരുകയാണ്. കർത്താവായ യേശുക്രിസ്തുവിന്റെ വരവിങ്കൽ മാത്രമേ കതിരും പതിരും തമ്മിൽ വേർപിരിയുകയുള്ളൂ. രണ്ടും കൂടി കൊയ്ത്തോളം വളരട്ടെ എന്നാണ് കർത്താവ് പറഞ്ഞത്. കൊയ്ത്തുകാലത്ത് മുമ്പെ കള പറിച്ചു കൂട്ടി കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയും.

### 1. ഭൂതലം:

സഭയുടെ ഇപ്പോഴത്തെ പാർപ്പിടം ഭൂതലമാണ്. ഇവിടെ നാം പരദേശികളാണ്. അതുകൊണ്ട് ഭക്തൻ പറയുന്നത്: "ഞാൻ പരദേശിയായി പാർക്കുന്ന വീട്ടിൽ നിന്റെ ചട്ടങ്ങൾ എന്റെ കീർത്തനം ആകുന്നു" (സങ്കീ. 119:54). മണവാളനാകുന്ന ക്രിസ്തുവിന്റെ ആഗമനത്തിൽ കറയും ചുളുക്കവും ഇല്ലാതെ ശുദ്ധയും നിഷ്കളങ്കയുമായി തേജസ്സോടെ അവന്റെ മുമ്പിൽ നില്ക്കേണ്ടതിന് വിശുദ്ധി പാലിച്ച് അവന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവിലേക്ക് വളർന്നു വരുവാനായിട്ടത്രേ സഭയെ ഇപ്പോൾ ഭൂതലത്തിൽ ആക്കി വച്ചിരിക്കുന്നത്.

ക്രിസ്തു ആകാശത്തിൽകൂടി കടന്നുപോയ മഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ട്, അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് തന്റെ സഭയ്ക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. സഭയാം മണവാട്ടിയുടെ ഈ ഭൂതലവാസത്തിൽ പരിശുദ്ധാത്മാവും ദൈവവചനവും സ്വർഗ്ഗീയ യാത്രയ്ക്കുള്ള മാർഗ്ഗദർശികളാണ്. ഈ ഭൂമി ദൈവത്തിന്റെ സഭയ്ക്ക് സ്ഥിരമായ വാസസ്ഥലമല്ല. അതുകൊണ്ട് ഈ ലോകം അവൾക്ക് യോഗ്യവുമല്ല. നിങ്ങൾ ലോകക്കാർ ആയിരുന്നുവെങ്കിൽ ലോകം തനിക്കു സ്വന്ത മായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാർ ആയിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്ന് തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകെയ്ക്കുന്നു (യോഹ. 15: 19). അവൾ മണവാളന്റെ വരവിനെ പ്രതീക്ഷിച്ച് ഇവിടെ പാർക്കുന്നു എന്നു മാത്രമേയുള്ളൂ.



### 2. മദ്ധ്യാകാശം:

ഇപ്പോൾ ഭൂതലത്തിൽ സ്ഥിതിചെയ്യുന്ന സഭ താമസംവിനാ മദ്ധ്യാകാശത്തിലേക്ക് മേഘത്തിൽ എടുക്കപ്പെടും എന്ന് വചനം പറയുന്നു (1 തെസ്സ. 4:16,17). സഭ കർത്താവിനെ മദ്ധ്യാകാശത്തിൽ എതിരേൽക്കും. ഇപ്പോൾ സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് മദ്ധ്യസ്ഥത അണച്ചുകൊണ്ടിരിക്കുന്ന യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി മദ്ധ്യാകാശത്തിൽ എത്തുമ്പോൾ തന്റെ രക്തത്താൽ സമ്പാദിക്കപ്പെട്ട സഭ പെട്ടന്ന് കണ്ണിമയ്ക്കുന്നിതിനിടയിൽ മൺശരീരം മാറി വിൺശരീരം പ്രാപിച്ച് ഭൂമിയിൽനിന്ന് മദ്ധ്യാകാശത്തിലേക്ക് എടുക്കപ്പെടും. കുഞ്ഞാട് തന്റെ കാന്തയെ വേളികഴിക്കുന്നത് ഇവിടെയാകുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൊടുക്കപ്പെടും (വെളി. 19:7-9). അവൾ കല്യാണവസ്ത്രം ധരിച്ച് അലങ്കരിക്കപ്പെട്ട് തോഴിമാരോടുകൂടെ കല്യാണശാലയിൽ പ്രവേശിക്കുന്നു (സങ്കീ. 45:13-15). അപ്പോൾ രാജപുത്രന്റെ കല്യാണവിരുന്നു നടക്കും. സഭ ഭൂമിയിലെ അവളുടെ കഷ്ടപ്പാടുകളിൽനിന്ന് വിടുവിക്കപ്പെട്ട് മദ്ധ്യാകാശത്തിൽ വിശ്രമിക്കുന്ന കാലയളവ്; പക്ഷേ അന്ന് ഭൂമിയിൽ മഹോപദ്രവകാലഘട്ടമായിരിക്കും.

### 3 സഹസ്രാബ്ദ ഭൂമി:

ക്രിസ്തു തന്റെ വിശുദ്ധന്മാരുമായി ഭൂമിയിലേക്ക് വന്ന് തന്റെ വായിലെ ശ്വാസത്താൽ അന്തി

➡

ക്രിസ്തുവിനെ ഒടുക്കികളയുകയും സാത്താൻ ബന്ധിക്കപ്പെടുകയും ചെയ്യും (2 തെസ്സ. 2:8). ക്രിസ്തു തന്റെ മഹത്വരാജ്യം ഭൂമിയിൽ സ്ഥാപിക്കും. ഭൂമിയുടെ പ്രകൃതാവസ്ഥ അന്ന് വ്യത്യസ്ഥമായിരിക്കും. "ചെന്നായ് കുഞ്ഞാടിനോടുകൂടെ കിടക്കും... സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ട് പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ദോഷമോ നാശമോ ആരും ചെയ്കയില്ല" (യെശ. 11:6-9). എന്ന തിരുവചനം നിവൃത്തിയാകും. ദൈവപുത്രന്മാരുടെ വെളിപ്പാടു മൂലം ഭൂമിയുടെ ശാപം നീക്കപ്പെടും; സൃഷ്ടിയിൽ നിന്ന് ദ്രവത്വം നീങ്ങിപ്പോകും (റോമർ 8: 19-22). യെരുശലേം അന്ന് രാജനഗരമായിത്തീരുകയും ക്രിസ്തു ദാവീദി ന്റെ സിംഹാസനത്തിൽ രാജാവായി വാഴുകയും വിശുദ്ധന്മാർ അന്നു തന്നോടുകൂടെ ലോകത്തെ വിധിക്കുകയും ചെയ്യും. സമാധാനപൂർണ്ണമായ ഈ വാഴ്ച ആയിരം വർഷത്തേക്ക് ആകുന്നു (വെളി. 20:4). സാത്താൻ അന്ന് ബന്ധിക്കപ്പെട്ടിരിക്കയാൽ അധർമ്മവും അനീതിയും ഉണ്ടായിരിക്കുകയില്ല. സകലജാതികളും യഹോവയെ ആരാധിക്കുവാൻ അന്ന് യെരുശലേമിലേക്ക് പോകും. ഭൂമിയിലെ സ കലവംശങ്ങളിലും ആരെങ്കിലും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്കരിപ്പാൻ യെരുശലേമിലേക്കു വരാത്തപക്ഷം അവർക്കു മഴയുണ്ടാകയില്ല (സെഖ. 14:17).

### 4. സ്വർഗ്ഗം:

ആകാശം മാറ്റപ്പെടുകയും ഭൂമി വെന്തഴികയും ചെയ്യുമ്പോൾ സഭ സ്വർഗ്ഗത്തിൽ അധിവസിക്കുമെന്ന് വചനത്തിൽ നിന്നും ഗ്രഹിക്കാം. ഈ ഭൂതലം വെന്തഴിഞ്ഞതിനുശേഷം (2 പത്രോ. 3:3-7), പുതുവാനഭൂമികൾ (2 പത്രോ. 3:10) ഉളവായി വരുമ്പോൾ ആ പുതിയ ഭൂമിയിലേക്ക് സഭ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരുമെന്ന് വെളിപ്പാട് 21:2 ൽ കാണുന്നതിനാൽ അതിനു മുമ്പുള്ള കാലയളവിൽ സഭ സ്വർഗ്ഗത്തിൽ ആയിരുന്നു എന്നത് നിസ്തർക്കമാണ് വെളി. 19-ാമദ്ധ്യായത്തിൽ സഭ സ്വർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കുന്ന; തകർത്ത ഇടിമുഴക്കം പോലെ, പെരുവെള്ളത്തിന്റെ ഇരമ്പൽപോലെ, പുരുഷാരത്തിന്റെ മഹാഘോഷം പോലെയുള്ള ശബ്ദം യോഹന്നാൻ പത്മോസ്ദ്വീപിൽ ആത്മവിവശതയിൽ കേൾക്കുന്നു. അതിനുശേഷമാണ് പുതുവാനഭൂമികളെക്കുറിച്ച് 21-ാം അദ്ധ്യായത്തിൽ വർണ്ണിക്കുന്നത്.

### 5 പുതിയഭൂമി:

ഇപ്പോഴത്തെ ഭൂമി അഗ്നിയിൽ വെന്തഴിഞ്ഞശേഷം പുതിയആകാശവും പുതിയഭൂമിയും വെളിപ്പെടും. പുതിയഭൂമി എന്നത് ഇന്നു നാം അധിവസിക്കുന്ന ഭൂമി അഗ്നിയിൽകൂടി വെന്തഴിഞ്ഞ് ശുദ്ധീകരിക്കപ്പെട്ട് ഉണ്ടായിവരുന്നതാണ്. എന്നേക്കുമായി ഇല്ലാതായിത്തീരുവാൻ ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചിട്ടില്ല. പാഴും ശൂന്യവുമായ ഒരു ഭൂമിയെ അല്ല ദൈവം സൃഷ്ടിച്ചത്. പിന്നീട് ഭൂമി പാഴും ശൂന്യവുമായിത്തീരുകയായിരുന്നു. ഇന്നത്തെ ഭൂമി വെന്തഴിഞ്ഞ് പുതിയഭൂമി ഉണ്ടായിവരും. അത് ഒരു സ്വർഗ്ഗഗോളമായിരിക്കും. അതിനെക്കുറിച്ച് യോഹന്നാൻ പറയുന്നത്: "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമ ത്തെ ഭൂമിയും ഒഴിഞ്ഞുപോയി. സമുദ്രവും ഇനി ഇല്ല" (വെളി. 21:1). ഇതാ ഞാൻ പുതിയ ആകാശവും പുതിയഭൂമിയും സൃഷ്ടിക്കുന്നു. മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല (യെശ. 65:17). ഈ പുതിയഭൂമിയിലേക്ക് സഭ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ആ സ്വർഗ്ഗഗോളം അവർക്ക് നിത്യപാർപ്പിടമായി ലഭിക്കുകയും ചെയ്യും. പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായ് അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്നു തന്നേ ഇറങ്ങുന്നതും ഞാൻ കണ്ടു (വെളി. 21:2). മരണമില്ലാത്ത, കണ്ണുനീരും ദുഃഖവും മുറവിളിയും കഷ്ടതയുമില്ലാത്ത ഒരു ഭൂമിയായിരിക്കും അത്. ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും (വെളി. 21:3).

### *ഒരുങ്ങീട്ടുണ്ടോ?*

ദൈവജനത്തിന് യോഗ്യമല്ലാത്തത് ഇന്ന് നാം അധിവസിക്കുന്ന ഭൂമി മാത്രമാണ്. മദ്ധ്യാകാശം സഹസ്രാബ്ദഭൂമി, സ്വർഗ്ഗം, പുതിയആകാശ ഭൂമികൾ എല്ലാം അവർ കാത്തിരിക്കുന്ന പ്രത്യാശാപുരികളാണ്. എന്നാൽ രക്ഷിക്കപ്പെടാത്തവർ ഈ ലോകവാസം കഴിഞ്ഞാൽ അന്ത്യന്യായവിധിയാക്കായി വെള്ളസിംഹാസനത്തിനു മുമ്പിൽ നിന്നിട്ട് തീപ്പൊയ്കയിലേക്ക് തള്ളപ്പെടുന്ന അവസ്ഥയാണെന്ന് ദൈവവചനം പറയുന്നു.

എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിയ്ക്കുമായിട്ട് കാത്തിരിക്കുന്നു (2 പത്രോ. 3:13).

***അതിനായി നിങ്ങൾ ഒരുങ്ങീട്ടുണ്ടോ?***

# ശുശ്രൂഷാകാലം തികെച്ച് പാസ്റ്റർ പി. വി. ഷാജി യാത്രയായി...



ഏറുമ്പടം ദൈവസഭാംഗവും ഇടുക്കി ജില്ലയിൽ കരുന്തരുവിൽ പൊടിമറ്റത്തിൽ വീട്ടിൽ പി. വി. വർഗ്ഗീസ്/അന്നമ്മ വർഗ്ഗീസിന്റെ മകനും ചെങ്ങന്നൂർ ഡിസ്ട്രിക്റ്റിൽ പൂമല ദൈവസഭാ ശുശ്രൂഷകനുമായിരുന്ന **പാസ്റ്റർ പി. വി. ഷാജി (42) 23.03.2011 ബുധനാഴ്ച രാവിലെ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.**

26.03.2011 ശനിയാഴ്ച വൈകിട്ട് കഴിഞ്ഞ 2 വർഷക്കാലം അദ്ദേഹം ശുശ്രൂഷിച്ച പൂമല ദൈവസഭാഹാളിൽ മൃതശരീരം കൊണ്ടുവരികയും സഭാവിശ്വാസികൾ, ദേശവാസികൾ, ദൈവസഭയിലെയും ഇതരസഭകളിലെയും കർത്തൃദാസന്മാർ, കൗൺസിൽ അംഗങ്ങൾ, ഡിപ്പാർട്ട്മെന്റ് ഭാരവാഹികൾ, ഡിസ്ട്രിക്റ്റ് ഭാരവാഹികൾ, സ്റ്റേറ്റ്ബോർഡ് അംഗങ്ങൾ, എന്നിങ്ങനെ നിരവധിപേർ ആദരാഞ്ജലികൾ അർപ്പിക്കുയും ചെയ്തു. ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് പാസ്റ്റർ കെ. റ്റി. വർഗ്ഗീസ് ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. പാസ്റ്റർ പി. ജെ. ജെയിംസ്, പാസ്റ്റർ കെ. സി. ജോൺ (ഇൻഡ്യാ റപ്രസെന്റേറ്റീവ്), എന്നിവർ വചനത്തിൽ നിന്നും ശുശ്രൂഷിച്ചു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി ആശ്വാസവാക്കുകൾ അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. 27.03.2011 ഞായറാഴ്ച ഉച്ചയ്ക്ക് കരിക്കം പൊടിമറ്റത്തിൽ ഭവനത്തിൽ വച്ചു നടന്ന ശുശ്രൂഷകൾക്ക് കൊട്ടാരക്കര ഡിസ്ട്രിക്റ്റ് പാസ്റ്റർ പി. ജി. ശമുവേലും കരിക്കം സഭാപാസ്റ്റർ എൻ. എ. ചാക്കോയും നേതൃത്വം വഹിച്ചു. പാസ്റ്റേഴ്സ് പി. സി. ചെറിയാൻ, ജോസ് ബേബി, എ.റ്റി. ജോസഫ്, ബ്രദർ ജോസഫ് മറ്റത്തുകാല ഉൾപ്പെടെ ദൈവസഭയിലെയും സഹോദസഭകളിലെയും അനേക കർത്തൃദാസന്മാരും ദൈവമക്കളും അനുശോചനം അറിയിച്ചു. പാസ്റ്റർ ഈപ്പൻ ചെറിയാൻ തിരുവചന ശുശ്രൂഷ നടത്തി. സ്റ്റേറ്റ് ഓവർസീയർ ഭവനത്തിലെയും സെമിത്തേരിയിലേയും പ്രധാന ശുശ്രൂഷകൾ നിർവ്വഹിക്കുകയും, കൊട്ടാരക്കര ദൈവസഭയുടെ കരിക്കം സെമിത്തേരിയിൽ സംസ്ക്കാരം നടത്തുകയും ചെയ്തു.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്നും കുടുംബത്തിൽ ആദ്യമായി വിശ്വാസമാർഗ്ഗത്തിൽ ഇറങ്ങിയ ഷാജി പാസ്റ്റർ ബാല്യത്തിൽ തന്നെ ദൈവവിളി കേട്ട് കർത്തൃവേലയ്ക്കായി സമർപ്പിച്ചു. വേദപഠനത്തിനു ശേഷം കർണ്ണാടകത്തിലും പൂയപ്പള്ളി, ചാത്തന്നൂർ, കോട്ടവട്ടം, കരിക്കം ഒടുവിലായി പൂമല സഭയിലുമായി 22 വർഷക്കാലം കർത്തൃസേവ ചെയ്തു. സൗമ്യസ്വഭാവക്കാരനും ഒരു മാതൃകാ ശുശ്രൂഷകനുമായിരുന്ന അദ്ദേഹത്തിന്റെ കൃപാവരശുശ്രൂഷകൾ അനുഭവിച്ചിട്ടുള്ള ആർക്കും തന്നെ പെട്ടന്നു മറക്കുവാൻ കഴിയുകയില്ല. പടചേർത്തവനെ പ്രസാദിപ്പിക്കുക എന്ന ഏക ലക്ഷ്യം മാത്രമേ ആ ക്രിസ്തുവിന്റെ പോരാളിക്കുണ്ടായിരുന്നുള്ളൂ. ചില വർഷങ്ങളായി ഹൃദയസംബന്ധമായ അസ്വസ്ഥതകൾ ഉണ്ടായിരുന്നുവെങ്കിലും ദൈവത്തിൽ മാത്രം ആശ്രയം വച്ചുകൊണ്ട് തന്നെ ഏൽപ്പിച്ച ശുശ്രൂഷ തീഷ്ണതയോടെയും ആത്മനിറവോടു കൂടെയും അദ്ദേഹം ചെയ്തു തീർത്തു.

ഭാര്യ: ശാന്തമ്മ, മക്കൾ: കെസിയ, ജെമി

സഹോദരന്മാർ: പാസ്റ്റർ പി. വി. ജേക്കബ്/മേഴ്സി (കൊട്ടാരക്കര), ഷിബു, ബോവസ്. സഹോദരിമാർ : ആലീസ്/ബാബു, മോനി/ബെന്നി, ജാൻസി/മനോജ്, സൗമി/പാസ്റ്റർ ജോൺസൺ.കെ. (തടിയൂർ). സിസ്റ്റർ ശാന്തമ്മയുടെ സഹോദരൻ പാസ്റ്റർ ബാബു ജി. എലിക്കോട് ദൈവസഭാശുശ്രൂഷകനും, ശാന്തമ്മയുടെ സഹോദരി ഭർത്താവ് പാസ്റ്റർ മോനി തോമസ് തടിയൂർ ദൈവസഭാ ശുശ്രൂഷകനുമാണ്.

# അഭ്യർത്ഥന

കരിക്കത്ത് അല്പം സ്ഥലം വാങ്ങി ഒരു ചെറിയ ഭവനത്തിന്റെ കെട്ടുപണികൾ പാസ്റ്റർ ഷാജി നടത്തികൊണ്ടിരിക്കുകയായിരുന്നു. മുഴുവൻ പണികളും ഉടനെ തീർക്കുവാൻ കഴിയാത്തതിനാൽ താല്ക്കാലികമായി ഒരു മുറി ശരിയാക്കി ഈ മാസം ഒടുവിൽ പ്രതിഷ്ഠ നടത്തണമെന്നുള്ള താൽപര്യത്തിൽ അതിലേക്കായി കരിക്കത്തുള്ള ചിലരെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന വേളയിലാണ് സഹോദരി ശാന്തമ്മയെയും രണ്ടു കുഞ്ഞുങ്ങളെയും കർത്തൃകരങ്ങളിലേൽപ്പിച്ചിട്ട് ഈ ദൈവഭൃത്യൻ തന്റെ നിത്യപാർപ്പിടത്തിലേക്ക് യാത്രയായത്. മൂത്തമകൾ കെസിയായുടെ പ്ലസ്ടു പരീക്ഷ കഴിഞ്ഞു. അവളെ നേഴ്സിങ്ങിനു വിടണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഇളയമകൾ ജെമി അടുത്ത വർഷം ക്ലാസ്സ് 9 ലാണ്. ജീവിതം മുമ്പോട്ടുകൊണ്ടുപോകുന്നതും രണ്ടു കുഞ്ഞുങ്ങളുടെയും പഠനവും ഭാവിയും പണിതീരാത്ത വീടും ഈ സഹോദരിയുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണ്.

ഈ പ്രത്യേക സാഹചര്യത്തിൽ ഇവരുടെ ജീവസന്ധാരണത്തിനും കുഞ്ഞുങ്ങളുടെ പഠനത്തിനുമായി ചാരിറ്റി ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ഒരു ഫണ്ട് സ്വരൂപിക്കുവാൻ സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. സഹൃദയരായ എല്ലാ പ്രിയപ്പെട്ടവരും ഈ ദൗത്യത്തിൽ പങ്കുചേരണമെന്ന് ഈ കുടുംബത്തിനുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു. 3 മാസമാണ് ഫണ്ട് ശേഖരണത്തിന്റെ കാലാവധി.

ചെക്ക്/ DD എന്നിവ **ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ, മുളക്കുഴ** എന്ന പേരിലെടുത്ത് **"പാസ്റ്റർ പി.വി. ഷാജിയുടെ കുടുംബത്തിനു വേണ്ടി"** എന്ന് കാണിച്ച് മുളക്കുഴ ഓഫീസിലേക്ക് അയച്ചുതരുവാൻ താല്പര്യപ്പെടുന്നു. അയയ്ക്കുന്നവരുടെ ലിസ്റ്റ് സുവിശേഷ നാദത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**പാസ്റ്റർ എം. കുഞ്ഞപ്പി, സ്റ്റേറ്റ് ഓവർസീയർ**



**പത്തനംതിട്ട:** പത്തനംതിട്ട ദൈവസഭാഗവും ഒഴുമണ്ണിൽ പാസ്റ്റർ ഒ.സി. ഗീവർഗീസിന്റെ സഹധർമ്മിണിയുമായ സാറാമ്മ ഗീവർഗീസ് (78) 05.03.2011 ശനിയാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 9-ാംതീയതി ബുധനാഴ്ച പത്തനംതിട്ട ടൗൺ ദൈവസഭാ സെമിത്തേരിയിൽ സംസ്ക്കാരം നടത്തി. ശുശ്രൂഷകൾക്ക് സഭാ പാസ്റ്റർ കെ.എം. ചെറിയാൻ നേതൃത്വം നല്കി. ഭവനത്തിൽ നടന്ന ശുശ്രൂഷയിൽ ഡിസ്ട്രിക്റ്റ് പാസ്റ്റർ ജി. അലക്സ്, പാസ്റ്റേഴ്സ് പി.ജെ. ജെയിംസ്, ജോസ് ബേബി, ഇവാ. പി.ഐ. ഏബ്രഹാം, പി.സി. ചെറിയാൻ, കെ. എ. ഉമ്മൻ, കെ.റ്റി. വർഗീസ്, വൈ. റെജി, ഷിബു കെ. മാത്യു, എം.എ. ജോൺ, എം.ഇ. ബേബി, എം. ഇ. ജോസഫ്, പി.ജി. തോമസ്, ബേബി കടമ്പനാട്, തോമസ് വർഗീസ്, കെ.ജി. മാത്യു, തോമസ് ജോർജ്ജ്, സി.എം.ഏബ്രഹാം, ഇവാ. എം.എ. ജോർജ്ജുകുട്ടി, ഇ. എം.ജോർജ്ജ്, ബ്രദേഴ്സ് പി. എസ്സ്.തോമസ്, കെ. ജോൺ, സിസ്റ്റേഴ്സ് അന്നമ്മ കുഞ്ഞപ്പി, സൂസൻ റെജി എന്നിവരെ കൂടാതെ ഇതര സഭകളിലെ കർത്തൃദാസന്മാരും, വിശ്വാസി പ്രതിനിധികളും ആശ്വാസവചനങ്ങളും പ്രത്യാശയും അറിയിച്ചു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി ഭവനത്തിലും സെമിത്തേരിയിലും പ്രധാനശുശ്രൂഷകൾ നിർവ്വഹിച്ചു.

മക്കൾ/ മരുമക്കൾ: (*late*) പാസ്റ്റർ ജോൺസൺ/ ആനി (ദുബായ്), വിൽസൺ/സാറാമ്മ (ഇൻഡോർ), മേഴ്സി/ജോൺ സാമുവേൽ (കൂടൽ), സാംജി/ഷാലി (ഫ്ളോറിഡാ).



**തുരുത്തിക്കാട്:** പരിയാരം കുന്നുംപുറത്ത് വീട്ടിൽ പരേതനായ കെ.സി. ഈപ്പന്റെ ഭാര്യ അന്നമ്മ ഈപ്പൻ (78) നിര്യാതയായി. 2011 മാർച്ച് 10 വ്യാഴാഴ്ച ഭവനത്തിൽ വെച്ചു നടന്ന ശുശ്രൂഷയിൽ ഇവാ. പി.ഐ. ഏ ബ്രഹാം, പാസ്റ്റർമാരായ സി. എസ്. ഈശോ, പി.

# സഭാവാർത്തകൾ

## കോഴഞ്ചേരി ഡിസ്ട്രിക്റ്റ്

### ഉപവാസ പ്രാർത്ഥന

**കോഴഞ്ചേരി:** ദൈവസഭ ഗിൽഗാൽ ഹാളിൽ 2011 ഫെബ്രുവരി 20 മുതൽ 26 വരെ നടന്ന ഉപവാസപ്രാർത്ഥനയിൽ പാസ്റ്റേഴ്സ് വിനോദ് തോമസ്, പി. ജെ. ജോൺ സൺ, കെ.എ. ജോസ്, സി. എസ്. ജേക്കബ്, നോബിൾ കെ. തോമസ് കുമളി എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ കെ. എ. ഡേവിഡ് നേതൃത്വം നല്കി.

**പുന്നയ്ക്കാട്:** ഫെബ്രുവരി മാസം നടന്ന ഉപവാസപ്രാർത്ഥനയോടനുബന്ധിച്ച് 3 പേർ വിശ്വാസസ്നാനം സ്വീകരിച്ച് സഭയോട് ചേർന്നു. സ്നാനശുശ്രൂഷ ഡിസ്ട്രിക്റ്റ് പാസ്റ്റർ വർഗീസ് ഏബ്രഹാം നിർവ്വഹിച്ചു. ശുശ്രൂഷകൾക്ക് പാസ്റ്റർ അനിൽ ദാനിയേൽ നേതൃത്വം നല്കി.

### തിരുവനന്തപുരം ടൗൺ സോൺ എൽ. എം. സെമിനാർ

2011 ഫെബ്രുവരി 26 ന് തിരുവനന്തപുരം സോൺ എൽ.എം. സെമിനാർ വലിയതുറസഭയിൽവച്ച് അനുഗ്രഹകരമായി നടന്നു. ഏകദേശം മുന്നോറോളം സഹോദരിമാർ, ഡിസട്രിക്റ്റ് പാസ്റ്റേഴ്സ്, ലോക്കൽ പാസ്റ്റേഴേസ്, തുടങ്ങിയവർ പങ്കെടുത്തു. എൽ.എം. സെക്രട്ടറി സിസ്റ്റർ ഏലിയാമ്മ വർഗ്ഗീസ്, പാസ്റ്റേഴ്സ് റ്റി. എ. ജോർജ്ജ്. ഈപ്പച്ചൻ തോമസ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു പാസ്റ്റേഴ്സ് ജോൺ തോമസ്, അലോഷ്യസ്, പി. എ. ജെറാൾഡ്, ബ്രദേഴ്സ് ഏബ്രഹാം ഫിലിപ്പോസ്, ബാബു ജോൺ എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ ഈപ്പച്ചൻ തോമസ് തിരുവന്തപുരം ടൗൺ എൽ. എം. സോണൽ ഡയറക്ടറായും സിസ്റ്റർ മോളി രാജ് സെക്രട്ടറിയായും സിസ്റ്റർ കുഞ്ഞുമോൾ ഈപ്പച്ചൻ കോ-ഓർഡിനേറ്ററായും സിസ്റ്റർ ഏലിയാമ്മ ജോൺ ട്രഷററായും സേവനമനുഷ്ഠിക്കുന്നു.

## കട്ടപ്പന ഡിസ്ട്രിക്റ്റ്

**തങ്കമണി:** തങ്കമണി ദൈവസഭയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സൗജന്യ തയ്യൽ സ്കൂളിന്റെ ഉദ്ഘാടനം 03-03-2011 വ്യാഴാഴ്ച കട്ടപ്പന ഡിസ്ട്രിക്റ്റ് പാസ്റ്റർ തോമസ് എം. പുളിവേലിയുടെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽവച്ച് ഹൈറേഞ്ച് സോണൽ ഡയറക്ടർ പാസ്റ്റർ ജി.അലക്സ് നിർവ്വഹിച്ചു. സോണൽ സെക്രട്ടറി പാസ്റ്റർ ഷാജി ഇടുക്കി ആശംസ അറിയിച്ചു. പാസ്റ്റർ ജോൺസൺ മാത്യു ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

## കോവളം ഡിസ്ട്രിക്റ്റ്

### മരപ്പാലം കൺവൻഷൻ

2011 മാർച്ച് 7-16 വരെ മണ്ണക്കൽ സഭ കേന്ദ്രമാക്കി നടന്ന ഉപവാസപ്രാർത്ഥനയും കൺവൻഷനും മുഖാന്തരം 10 കുടുംബങ്ങൾ രക്ഷിക്കപ്പെട്ടു. പാസ്റ്റർ ഈപ്പൻ ചെറിയാൻ, പാസ്റ്റർ റ്റി. എ. ജോർജ്ജ്, ബ്രദർ ഏബ്രഹാം ഫിലിപ്പോസ് തുടങ്ങിയവർ ദൈവവചനശുശ്രൂഷ നടത്തി. ഡിസ്ട്രിക്റ്റ് പാസ്റ്റർ പി. ജെ. ജെറാൾഡ് ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

---

←

സി. ഏബ്രഹാം, ഷിബു കെ.മാത്യു, എം.ഒ. ഏലിയാസ് തുടങ്ങിയ അനേകം കർത്തൃദാസന്മാർ ആശ്വാസവചനങ്ങളും അനുശോചനങ്ങളും അറിയിച്ചു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി വചനശുശ്രൂഷ നിർവ്വഹിക്കുകയും തുടർന്ന് തുരുത്തിക്കാട് ദൈവസഭാ സെമിത്തേരിയിൽ സംസ്ക്കാരം നടത്തുകയും ചെയ്തു. ശുശ്രൂഷകൾക്ക് പാസ്റ്റർ ജെ. രാജൻ നേതൃത്വം നല്കി. മക്കൾ: അലക്സ്, സാം (അബുദാബി). മരുമക്കൾ: ആലീസ്, ബ്ലസ്സി

**ഏനാത്ത്:** ആനന്ദപ്പള്ളി വട്ടവിളയിൽ പരേതനായ തോമസിന്റെ ഭാര്യ **മറിയാമ്മ തോമസ്** (86) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരശുശ്രൂഷ 02.03. 2011 ബുധനാഴ്ച മണക്കാലാ ദൈവസഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവ്വഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ഡിസ്ട്രിക്റ്റ് പാസ്റ്റർ എം.ജോൺസണും സഭാശുശ്രൂഷകൻ എം. എ. തോമസുകുട്ടിയും നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ എ.ടി. ജോസഫ്, ഷിബു കെ.മാത്യു, ജോസ് ബേബി, സി.എം. ഏബ്രഹാം, സി.ഐ. തോമസ്, ജോർജ്ജ് തോമസ്, വൈ. ജോയിക്കുട്ടി,



റെജി മാത്യു, എന്നിവരെ കൂടാതെ സ്റ്റേറ്റ്ബോർഡ് അംഗങ്ങൾ, പ്ലാനിംഗ് ബോർഡ് അംഗങ്ങൾ, തെക്കൻമേഖലാ ഭാരവാഹികൾ എന്നിവർ ഉൾപ്പെടെ അനേകർ ആശ്വാസവചനങ്ങളും അനുശോചനവും അറിയിച്ചു. മക്കൾ: അന്നമ്മ, ശാന്തമ്മ, സാറാമ്മ, മരുമക്കൾ: പുന്നൂസ്, പാസ്റ്റർ സി. കെ. തോമസ് (ചർച്ച് ഓഫ് ഗോഡ് നെല്ലിക്കുന്നം), സി. ജി. സാംകുട്ടി (സ്റ്റേറ്റ് ബോർഡ് ട്രഷറാർ).




# ബി. എസ്. സി. & ജനറൽ നഴ്സിംഗ്

**കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്ഥാപനം**

# BETHEL MEDICAL GROUP OF NURSING SCIENCES

**Bethel Medical Institute of Nursing Science (INC-18-15/2335)**

**Gayathri Institute of Nursing Science (INC-18-15/2335), Valley School of Nursing (INC-18-15/1366)**

**Sy. No. 5/3, Preethi Nagar, Near Laggere,Ring Road Bridge, Banglore - 560 058**

## APPROVED BY : I.N.C., K.N.C. AFFILIATED TO R.G.U.H.S.



## CONTACT FOR ADMISSION

**PR. SAM PAUL, DIRECTOR, BETHEL MEDICAL GROUP**
**ROOM NO. 14, 1ST FLOOR, REVENUE TOWER**
**THIRUVALLA -1, PH: 9745157007, 9747037777, 0469 2707007**

**Website : www.bethelmedicalservices.org**

Reg. R. N. 36077/1987
Registrerd No. KL/MVK/435/2009-2011
Suvishesha Nadam
Vol. 31
Issue No. 4

ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ
കേരളാസ്റ്റേറ്റ്

89-ാമത്
the BIG move

# ജനറൽ കൺവൻഷൻ

## ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയം, തിരുവല്ല

## 2012 ജനുവരി 16 മുതൽ 22 വരെ

കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിപ്പിൻ...

പാസ്റ്റർ എം. കുഞ്ഞപ്പി,
സ്റ്റേറ്റ് ഓവർസിയർ

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്

# ആലുവാ ഡിസ്ട്രിക്റ്റ് കൺവൻഷൻ

പ്രസംഗകർ


പാസ്റ്റർ എം കുഞ്ഞപ്പി


പാസ്റ്റർ വൈ. റെജി


ഡോ. കെ. ഓ. മാത്യു


റവ. പി.ഐ. എബ്രഹാം


പാസ്റ്റർ പി. ആർ. ബേബി


പാസ്റ്റർ പി.സി . ചെറിയാൻ


പാസ്റ്റർ ഷിബു കെ. മാത്യു

## പറവൂർ ടൗൺ ഹാളിൽ

## 2011 ഏപ്രിൽ 21 മുതൽ 24 വരെ

ഉദ്ഘാടനം :
**പാസ്റ്റർ വൈ. റെജി** (ഡിസ്ട്രിക്റ്റ് പാസ്റ്റർ)

ഗാനശുശ്രൂഷ: **സാംസൺ ചെങ്ങന്നൂർ**

കൂടുതൽ വിവരങ്ങൾക്ക് : 9446911520

Printed, Published by Pastor K.A. Oommen on behalf of Gospel Voice Publishers, Published from Mount Zion, Mulakuzha, Chengannur, Alleppey - 689505 and printed at Carmel Press, House No. 11/176, Near Kaviyoor Evening Market, Njalbhagom Muri, Pathanamthitta Dist - 689629 Editor P.I. Abraham